No.10/2018/SRG/LSGD(13)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018 -ൽ കൂടിയ യോഗത്തിന്റെ നടപടി വിവരങ്ങൾ

യോഗം രാവിലെ 10.30-ന് സെക്രട്ടേറിയറ്റിലെ അനക്സ് - 2 ലെ 'ലയം' ഹാളിൽ ആരംഭിച്ചു. തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

### 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം

31.12.2018 വരെയുള്ള ആകെ പദ്ധതി ചെലവ് 54.72 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 56.92 ശതമാനം വരും. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് കൊല്ലം ജില്ലയിലും (58.63 ശതമാനം) ഏറ്റവും കുറവ് എറണാകുളം ജില്ലയിലുമാണ് (51.00 ശതമാനം). 147.55 കോടി രൂപയുടെ 3425 ബില്ലുകൾ ട്രഷറിയിൽ പെന്റിംഗ് ആയി ഉണ്ട്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 58.89 % |
| ബ്ലോക്ക് പഞ്ചായത്ത് | 61.09 % |
| ജില്ലാ പഞ്ചായത്ത് | 51.16 % |
| മുനിസിപ്പാലിറ്റി | 48.36 % |
| കോർപ്പറേഷൻ | 40.03 % |
| **ആകെ** | **54.72 ശതമാനം** |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം**

| | | |
|---|---|---|
| 1 | കൊല്ലം | 58.63 % |
| 2 | കണ്ണൂർ | 58.52 % |
| 3 | പത്തനംതിട്ട | 58.49 % |
| 4 | പാലക്കാട് | 58.43 % |
| 5 | വയനാട് | 57.98% |
| 6 | ഇടുക്കി | 54.68 % |
| 7 | തിരുവനന്തപുരം | 53.8 % |

| | | |
|---|---|---|
| 8 | കോട്ടയം | 53.60 % |
| 9 | മലപ്പുറം | 53.47 % |
| 10 | കാസർഗോഡ് | 53.34 % |
| 11 | ആലപ്പുഴ | 53.28 % |
| 12 | തൃശ്ശൂർ | 53.16 % |
| 13 | കോഴിക്കോട് | 51.18 % |
| 14 | എറണാകുളം | 51.00 % |

പൊതു വിഭാഗം, SCSP,TSPയുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.

| ജനറൽ | SCSP | TSP |
|---|---|---|
| 61.35% | 48.91% | 46.74% |

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 05.09.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 4.33**

**കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ കളക്ടറുടെ 01.09.2018-ലെ 58704/2018/DPC/KKD നമ്പർ കത്ത് പ്രകാരം താഴെപ്പറയുന്നവ കോഓർഡനേഷൻ കമ്മറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.**

**ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 13.08.2018, 21.08.2018 എന്നീ തീയതികളിലെ 63235/18-ാം നമ്പർ കത്തുകളും**

(i) കുട്ടികളിലെ പഠന പെരുമാറ്റ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി ചികിത്സ നൽകുന്ന (പ്രോ.നം.135/19, സ്പന്ദനം അടങ്കൽ 70.00 ലക്ഷം രൂപ) പ്രോജക്റ്റ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2013-14 മുതൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന തുടർ പദ്ധതിയായതിനാൽ ഈവർഷത്തേക്ക് മാത്രമായി കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.09.2018-ലെ യോഗത്തിൽ അനുമതി നൽകി എങ്കിലും പ്രോജക്റ്റിന്റെ ഇതുവരെയുള്ള നടത്തിപ്പ് സംബന്ധിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരിശോധിച്ച് വിശദമായ റിപ്പോർട്ട് ഒരാഴ്ച്ചക്കകം നൽകാമെന്ന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

**നടപടി- എക്സിക്യൂട്ടീവ് ഡയറക്ടർ,**
**കേരളസോഷ്യൽ സെക്യൂരിറ്റി മിഷൻ**

**ഖണ്ഡിക4.40**

**തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.08.2018-ലെ 1257/2018/RO1/DPM(3) -ാം നമ്പർ കത്തും തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 10.07.2018-ലെ കത്തും (SRG/653/18)**

2017-18-ൽ അനുപൂരക പോഷകഹാര പരിപാടി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുകയിൽ നാട്ടിക, വാടാനപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകൾ യഥാക്രമം 2,50,000/- രൂപ 14,62,250/- രൂപ വീതം ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് സ്പെഷ്യൽ TSP ചെക്ക് മുഖേന തിരികെയടച്ചു. ഈ തുക ലൈഫ് പദ്ധതിക്കായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച ഫയൽ വിശദാംശം സഹിതം ധനവകുപ്പിന് നൽകണം. മറ്റേതെങ്കിലും രേഖകൾ ആവശ്യമുണ്ടെങ്കിൽ അതുകൂടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഗ്രാമവികസന കമ്മീഷണർ മുഖേന വാങ്ങി ധന വകുപ്പിന് നൽകണം. ധന വകുപ്പിന്റെ തീരുമാനപ്രകാരം തുടർ നടപടി സ്വീകരിക്കാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**
**2)ധനവകുപ്പ്**
**3)ഗ്രാമവികസന കമ്മീഷണർ**

**2.2 27.09.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 4.30**

**ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ 19.07.2018, 16.08.2018 എന്നീ തീയതികളിലെ 3/CKCL/2017-ാം നമ്പർ കത്തുകൾ ( LSGD- DC1/380/2018/LSGD)**

റിസോഴ്സ് റിക്കവറി ഫെസിലിറ്റിയുടെ (RRF) പ്രവർത്തന പരിപാലനത്തിന് ക്ലീൻ കേരള കമ്പനിക്ക് പ്രതിവർഷം ഉണ്ടാകുന്ന അധിക ചെലവ് നികത്തുന്നതിന്റെ ഭാഗമായി ആദ്യത്തെ ഒരു വർഷം (2018-19-ൽ) തദ്ദേശഭരണ സ്ഥാപനങ്ങൾ 2,06,000/- രൂപ വയബിലിറ്റിഗ്യാപ് ഫണ്ട് ആയി ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിന് 08.02.2018-ലെ ഉത്തരവ് പ്രകാരം തീരുമാനമായിരുന്നു. അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ കമ്പനിക്ക് നഷ്ടമുണ്ടാകുന്നതിനാൽ താഴെപ്പറയുന്നവ കൂടി അനുവദിച്ചു നൽകണമെന്നു സംബന്ധിച്ച്

i) തദ്ദേശഭരണ സ്ഥാപനങ്ങൾ MCF കളിൽ നിന്നും തരം തിരിച്ച് സൂക്ഷിച്ചിരിക്കുന്ന അജൈവ മാലിന്യങ്ങൾ ശേഖരിച്ച് RRF ലേയ്ക്ക് ട്രാൻസ്പോർട്ട് ചെയ്യുന്നതിന് കമ്പനി വ്യവസ്ഥകൾ (ട്രാൻസ് പോർട്ടേഷൻ, കയറ്റിയിറക്ക് കൂലി, മറ്റുള്ളവയ്ക്കായി ഉണ്ടാകുന്ന ചെലവ്, മെറ്റീരിയൽ ഫെസിലിറ്റിയിൽ മാലിന്യം സൂക്ഷിക്കേണ്ടവിധം ബ്ലോക്ക്തല RRFകളുടെ പ്രവർത്തനം മുതലായവ) ഉൾക്കൊള്ളിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കരാറിൽ ഏർപ്പെടണമെന്നും ഈ ഇനത്തിലുണ്ടാകുന്ന ചെലവുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്നുമുള്ള ആവശ്യം

ii) ക്ലീൻ കേരള കമ്പനി മുഖേന മെഷീനറികൾ സ്ഥാപിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ RRF ന്റെ പ്രവർത്തന പരിപാലനവുമായി ബന്ധപ്പെട്ട് ചെലവാകുന്ന തുക കരാർ വ്യവസ്ഥകൾക്കനുസൃതമായി തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ പ്ലാൻ ഫണ്ടിൽ നിന്ന് ക്ലീൻ കേരള കമ്പനിക്ക് മുൻകൂറായി നൽകണമെന്ന ആവശ്യം

ഇതുവരെ സ്ഥാപിച്ച റിക്കവറി ഫെസിലിറ്റികളുടെ വരവും ചെലവും സംബന്ധിച്ച വിശദാംശങ്ങൾ, ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ, കരാറിൽ ഏർപ്പെടാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയടക്കമുള്ള വിശദാംശങ്ങൾ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന റിപ്പോർട്ട് നൽകിയെങ്കിലും ആവശ്യപ്പെട്ട വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ല. അതിനാൽ ആവശ്യം പരിഗണിച്ചില്ല.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ എന്നിവർ ഇത് പരിശോധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അസോസിയേഷനുമായി ചർച്ച ചെയ്ത് വിശദാംശം സഹിതം സമർപ്പിക്കണം എന്ന് നിർദേശിക്കുന്നു. ഇങ്ങനെ സമർപ്പിക്കപ്പെടുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കും.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2)ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ**
**3)മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി**
**4)കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ**

**2.3 16.10.2018 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 3.10**

DDO കോഡ് ഇനിയും ലഭിച്ചിട്ടില്ലാത്ത നിർവഹണ ഉദ്യോഗസ്ഥർക്ക് ഇത് നൽകുന്നതിനുള്ള നടപടി ധനവകുപ്പിൽ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഗ്രാമവികസന കമ്മീഷണറും തദ്ദേശസ്വയം ഭരണ ചീഫ് എഞ്ചിനീയറും നൽകിയ ലിസ്റ്റിൽ ഇരട്ടിപ്പുണ്ട്. ഇത് പരിഹരിച്ചു നൽകണം. കൊച്ചി കോർപ്പറേഷനിൽ Tribal Development Officer ക്ക് DDO കോഡ് അനുവദിക്കുന്നത് സംബന്ധിച്ച് താഴെപ്പറയും പ്രകാരം തീരുമാനമെടുത്തു.

TDOയ്ക്ക് നിലവിൽ മറ്റൊരു DDO കോഡ് ഉണ്ട്. ഇത് കൊച്ചി കോർപ്പറേഷൻ പരിധിയിലല്ല. ഇനിയും ഒരു DDO കോഡ് അനുവദിക്കുന്നതിന് സാങ്കേതിക തടസ്സമില്ല. എന്നാൽ ഇതു വഴി ബില്ല് ജനറേറ്റ് ചെയ്യാൻ കഴിയില്ല. അതിനാൽ TSP പ്രോജക്ടുകളുടെ നിർവഹണം അതതു മേഖലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടത്താൻ നിർദ്ദേശിക്കുന്നു. എന്നാൽ TDO/TEO നേരിട്ടു നിർവ്വഹണം നടത്തേണ്ട സ്വഭാവമുള്ള പ്രോജക്ടുകൾ കോർപ്പറേഷൻ സെക്രട്ടറി നിർവഹണം നടത്തേണ്ടതാണ്. ഇതിന്റെ മേൽനോട്ടം TDO നടത്തണം. ഇതിനാവശ്യമായ നടപടി കോർപ്പറേഷൻ സെക്രട്ടറിയും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറും ചെയ്യണം.

**നടപടി- 1)തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**
**2)ധനവകുപ്പ്**
**3)ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്**
**4)കൊച്ചി കോർപ്പറേഷൻ സെക്രട്ടറി**

**ഖണ്ഡിക 3.11**

തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്ത പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ മുഖ്യ നിർവ്വഹണ തദ്ദേശഭരണ സ്ഥാപനത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ ഫണ്ട് കൈമാറുന്ന രീതി മാറ്റി അലോട്ട്മെന്റ് രീതി 03.07.2018 -ലെ 100/2018/ഫിൻ നമ്പർ ഉത്തരവ് പ്രകാരം ധന വകുപ്പ് ഏർപ്പെടുത്തിയിരുന്നു. പെട്ടെന്ന് ഈ ക്രമീകരണം വന്നതിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അസൗകര്യം പരിഗണിച്ച് 30.09.2018-വരെ പഴയ രീതി തുടരാൻ (ഫണ്ടു കൈമാറുന്ന രീതി) 16.08.2018-ലെ 132/2018/ഫിൻ നമ്പർ ഉത്തരവ് പ്രകാരം ധന വകുപ്പ് അനുമതി നൽകിയിരുന്നു. സാമ്പത്തിക വർഷത്തിന്റെ ഇടയ്ക്ക് ഇപ്രകാരം ക്രമീകരണങ്ങൾ നടത്തുന്നത് അസൗകര്യം ഉണ്ടാക്കും എന്നതിനാൽ പഴയ രീതി (ഫണ്ട് കൈമാറുന്ന രീതി) തുടരുന്നതിനുള്ള സമയപരിധി 31.03.2019 വരെയാക്കണമെന്ന ആവശ്യം ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകിയിരുന്നു. ഇതിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് തുടർ നടപടി സ്വീകരിക്കണം.

**നടപടി- 1)തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**
**2)ധനവകുപ്പ്**

**2.4 31.10.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 4.22**

**<u>കടലുണ്ടി ഗ്രാമപഞ്ചായത്ത്</u>**

**<u>കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.10.2018 -ലെ കത്തും കടലുണ്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.10.2018-ലെ കത്ത് (SRG 961/18 CC316/18)</u>**

*പ്രോ.നം 283/19 അടങ്കൽ 4,89,120/- രൂപ (ഇതിൽ 50% ഗുണഭോക്തൃ വിഹിതം50% തനത് ഫണ്ട്)*

***പേര് :- കടലുണ്ടി സ്പോർട്സ് കൗൺസിൽ അത് ലറ്റിക്സ്, ഫുട്ബാൾ പരിശീലനം***

കടലുണ്ടി ഗ്രാമപഞ്ചായത്ത് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ അത് ലറ്റിക്സ്, ഫുട്ബോൾ എന്നിവയ്ക്ക് പരിശീലനം നടത്തുന്നതിനുള്ള പ്രോജക്ട്. മുൻ വർഷങ്ങളിലും ഈ പ്രോജക്ട് നടപ്പാക്കുന്നുണ്ട്. 2,44,560/- രൂപ തനത് ഫണ്ടും അത്രയും തുക ഗുണഭോക്തൃ വിഹിതവും. ഇത് നടപ്പാക്കാൻ അനുമതി നൽകുന്നു. ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച ഈ പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർ ഉന്നയിച്ച പ്രശ്നം പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ താഴെപ്പറയും പ്രകാരം റിപ്പോർട്ട് നൽകി.

സ്കൂളുകളിൽ കായിക വിദ്യാഭ്യാസത്തിൽ താല്പര്യമുള്ള കുട്ടികളുടെ കഴിവ് കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകേണ്ടത് സ്കൂൾ അധികൃതരാണെന്നും അത് നടപ്പിലാക്കുന്നുണ്ടോ എന്ന് വിലയിരുത്തി നടപടികൾ സ്വീകരിക്കുകയാണ് ഗ്രാമപഞ്ചായത്തുകൾ ചെയ്യേണ്ടതെന്നും ചൂണ്ടിക്കാണിച്ച് മുൻ വർഷങ്ങളിൽ ഈ പ്രോജക്ട് പ്രകാരം ചെലവഴിച്ച തുക സംസ്ഥാന ആഡിറ്റ് വിഭാഗം തടസ്സപ്പെടുത്തിയിരുന്നു. അതിനാലാണ് നിർവഹണ ഉദ്യോഗസ്ഥൻ ഈ പ്രോജക്ട് നടപ്പാക്കുന്നതിന് പ്രത്യേക സർക്കാർ അനുമതി വേണമെന്ന നിലപാടെടുക്കാൻ കാരണം.

**തീരുമാനം:-** പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടനുസരിച്ച് തുടർ നടപടി ഒഴിവാക്കാൻ തീരുമാനിച്ചു. എന്നാൽ ഓഡിറ്റ് കുറിപ്പിലെ പരാമർശം ശരിയായ രീതിയിലല്ല എന്ന് യോഗം വിലയിരുത്തി.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## ഖണ്ഡിക 4.27

**തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.10.2018-ലെ കത്തും പഞ്ചായത്തിന്റെ 30.08.2018-ലെ 157(2)-ാം നമ്പർ ഭരണസമിതി തീരുമാനവും**

*പ്രോ.നം 2/19 ആകെ അടങ്കൽ 1, 52,00,000/- രൂപ*

*പേര് :- ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി*

ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ത്തുവ്വേന്റെതാഴെ ലീല എന്ന ആൾ അർഹതാ പരിശോധനാ സമയത്ത് മേൽക്കൂരവരെ പൂർത്തിയാക്കി. തറ വിസ്തീർണ്ണം 1100 ചതുരശ്ര അടിയാണ്. തറ വിസ്തീർണ്ണം സർക്കാർ നിർദ്ദേശിച്ചതിലും കൂടുതൽ ആയതിനാലും മേൽക്കൂരവരെ പൂർത്തിയായതിനാലും ധനസഹായം അനുവദിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാകുന്നില്ല. ബാങ്ക് ലോണിന്റേയും നാട്ടുകാരുടേയും സഹായത്തോടെ നിർമ്മാണം നടത്തിയതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച് . അപേക്ഷകയുടെ ഭർത്താവ്

ക്യാൻസർ രോഗിയും ഒരു മകൻ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടതും ആണ്. ഇവർക്ക് ലൈഫ് പദ്ധതി പ്രകാരം ധനസഹായം നൽകുന്നത് സംബന്ധിച്ച്

**തീരുമാനം:-** ലൈഫ് നിരക്ക പ്രകാരം ധനസഹായം നൽകാൻ പ്രത്യേക അനുമതി നൽകുന്നു.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2.5 30.11.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 3.1**

സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിലെ ഉച്ച കഴിഞ്ഞ പ്രവർത്തനത്തിന് ഓരോ സെന്ററുകളിലേയ്ക്കും ഒരു ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനേയും അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിയമിക്കാവുന്നതാണെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. CHC/PHC കളുടെ പ്രവർത്തനം ഉച്ച കഴിഞ്ഞ് 1.00 മണി മുതൽ 6.00 മണിവരെയാക്കുന്നതിന്റെ ഭാഗമായേ ഇപ്രകാരം നിയമനം നടത്താവൂ എന്നും ഡോക്ടർമാരെ ജില്ലാ കളക്ടർ , ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ (NHM) എന്നിവരടങ്ങുന്ന കമ്മിറ്റി ഇന്റർവ്യൂ ചെയ്ത് എടുക്കണമെന്നുമാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ കുടുംബാരോഗ്യ പ്രവർത്തനം സംബന്ധിച്ച മുകളിൽ പറഞ്ഞവയിന്മേൽ ഭേദഗതികൾ വരുത്തണമെന്ന ആർദ്രം മിഷന്റ ആവശ്യം യോഗം പരിശോധിച്ച് താഴെ പറയും പ്രകാരം തീരുമാനമെടുത്തു

i). പഞ്ചായത്തിൽ നിന്നും നേരിട്ട് നിയമനം നടത്താൻ ബുദ്ധിമുട്ടുണ്ടെങ്കിൽ മാത്രം ജില്ലാതലത്തിൽ ഇന്റർവ്യൂ നടത്തിയെടുക്കുന്ന രീതി അവലംബിക്കാൻ അനുമതി നൽകുന്നു.

ii) നിയമിക്കപ്പെടുന്ന ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും ആരോഗ്യ വകുപ്പിന്റെ അഡ്ഹോക്ക് നിയമന പ്രകാരമുള്ള വേതനം നൽകാവുന്നതാണ്. വേതനം നൽകുന്നതിൽ തടസ്സമുണ്ടാകാതിരിക്കാൻ തനത് ഫണ്ടോ വികസനഫണ്ടോ ഉപയോഗിക്കാവുന്നതാണ്.

iii) മുകളിൽ പറഞ്ഞ പ്രകാരം നിയമിക്കപ്പെടുന്നവർ ഉച്ച കഴിഞ്ഞത്തെ സേവനം മാത്രം നടത്തുന്ന രീതിയാണ്. ഇങ്ങനെ നിയമിക്കപ്പെടുന്നവർ രാവിലെ 9.00 മണി മുതൽ വൈകിട്ട് 6.00 മണിവരെ സേവനം നടത്തുന്നതിന് ഒരു ടീമായി പ്രവർത്തിക്കുന്നതിനും മറ്റ ഡോക്ടർമാരുമായി ചേരണം. കൂടാതെ ഫീൽഡ് തല പ്രവർത്തനം, ഉപകേന്ദ്ര സേവനം തുടങ്ങിയവയ്ക്കും ഇവരുടെ സേവനം ഉപയോഗിക്കാം. എന്നാൽ ഉച്ചകഴിഞ്ഞ് 1.00 മണി മുതൽ 6.00 മണി വരെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരും നഴ്സമാരും ഉണ്ട് എന്നുറപ്പ വരുത്തണം.

iv) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിർബന്ധമായും അധികമായി ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കണം. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് ഉടനെ നൽകണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## ഖണ്ഡിക 3.7

കമ്പ്യൂട്ടർ വാങ്ങുന്നതിന് KELTRON ൽ പണമടച്ചുവെങ്കിലും കമ്പ്യൂട്ടർ ലഭിക്കാൻ വളരെക്കാലമെടുക്കുന്നുവെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ബഹു.മന്ത്രിയുടെ അവലോകനയോഗത്തിൽ അറിയിച്ചിരുന്നു. ഇതു സംബന്ധിച്ച വിശദാംശം , (തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം, തുക, കമ്പ്യൂട്ടറുകളുടെ എണ്ണം) വകുപ്പുമേധാവികൾ നൽകി.

ഡെപ്പോസിറ്റ് തുക സംബന്ധിച്ച വിവരങ്ങൾ

| | എണ്ണം | തുക |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ - 67 | 178 | 84,94,391 |
| ബ്ലോക്ക് പഞ്ചായത്തുകൾ - 25 | 140 | 48,70,092 |
| നഗരസഭകൾ-17 | 156 | 60,95,124 |
| കോർപ്പറേഷൻ -2 | 42 | 18,94,587 |
| **ആകെ** | **516** | **2,13,54,194** |

**തീരുമാനം:-** ഈ വിഷയം കെൽട്രോൺ എം.ഡിയുമായി ചർച്ച ചെയ്യാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ(ഐ.ബി) വകുപ്പ്**

## ഖണ്ഡിക 4.1

**ആലംകോട് ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2018-ലെ കത്ത്.**

**ആലംകോട് ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 05.10.2018-ലെ A2 - 4395/17-ാം നമ്പർ കത്തും 31.07.2018-ലെ 1(6)-ാം നമ്പർ ഭരണസമിതി തീരുമാനവും**

2016-17-ൽ ഗാർഹിക ബയോഗ്യാസ് പ്ലാന്റ് എന്ന പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. (പ്രോ.നം. 84/17 - അടങ്കൽ 11,02,500/- രൂപ) യൂണിറ്റ് നിരക്ക് 10,500/- രൂപ. ഗുണഭോക്താക്കൾ 105. 2016-17-ൽ 50 ഗുണഭോക്തക്കൾക്ക് പ്ലാന്റ് നൽകി. 2017-18 വർഷവും 2018-19 വർഷവും ഈ പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നു. 2016-17 വർഷം ഗുണഭോക്തൃ വിഹിതം പഞ്ചായത്തിലേയ്ക്ക് അടച്ച ഗുണഭോക്താക്കൾക്ക് അതേ വർഷത്തെ സബ്സിഡി മാനദണ്ഡപ്രകാരം പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് ഗുണഭോക്തൃ വിഹിതം അടച്ച ഗുണഭോക്താക്കൾക്ക് 2016-17-ലെ സബ്സിഡി മാനദണ്ഡമനുസരിച്ച് പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## ഖണ്ഡിക 4.6

**ശ്രീ. സി. ശാന്തകുമാരൻ നായർ, അനുഗ്രഹ, മണക്കാല, പത്തനംതിട്ടയുടെ കത്തും (ലഭിച്ചത് 27.04.2017) ശ്രീ. പി.എസ്. സതീഷ് കുമാർ അംബിക വിലാസം, അടൂർ യുടെ 21.05.2018-ലെ കത്തും. (LSGD - DA1 - 285/17/LSGD)**

എല്ലാ തദ്ദേശ ഭരണ സ്ഥാപനതലത്തിലും വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ ആസൂത്രണസമിതികൾ രൂപീകരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ വൈസ്

ചെയർമാനായി വിദഗദ്ധനായ ഒരു സന്നദ്ധ പ്രവർത്തകനെ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാവുന്നതാണ് എന്നും നിർദ്ദേശി ച്ചിരുന്നു. ഇങ്ങനെ നിശ്ചയിക്കുന്നവർക്ക് ഓണറേറിയം അനുവദിച്ച് നൽകണ മെന്നതു സംബന്ധിച്ച് ഈ ആവശ്യം പരിഗണിക്കേണ്ടതില്ല എന്ന് യോഗം തീരുമാനിച്ചു. എന്നാൽ 21.06.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ തീരുമാനിച്ച പ്രകാരം ഇവർക്ക് അർഹമായ റ്റി.എ തനത് ഫണ്ടിൽ നിന്നും നൽകുന്നതു സംബന്ധിച്ച്. ഇതിനുള്ള ഉത്തരവ് വകുപ്പിൽ നിന്ന് ഉടനെ നൽകണം

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## ഖണ്ഡിക 4.24

### പൊയ്യ ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2018-ലെ കത്തും പൊയ്യ ഗ്രാമപഞ്ചായത്തിന്റെ 04.10.2018-ലെ 2(15)-ാം നമ്പർ ഭരണസമിതി തീരുമാനവും (CC /279/2018)**

***പ്രോ.നം 209/18 അടങ്കൽ 1,20,000/- രൂപ***

***പേര് :- നീർത്തട മാസ്റ്റർ പ്ലാൻ പരിഷ്കരിക്കൽ - അധിക തുക അനുവദിക്കുന്നത്***

29.01.2018-ലെ സ.ഉ.(സാധാ)നം.256/2018/തസ്വഭവ പ്രകാരം ഒരു നീർത്തടത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ 15,000/- രൂപ നിരക്കിൽ പരമാവധി 30,000/- രൂപ ചെലവഴിക്കാവുന്നതാണ്. റിപ്പോർട്ട് തയ്യാറാക്കാൻ ഒരു നീർത്തടത്തിന് 1500 രൂപയും ചെലവഴിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ആകെ 8 നീർത്തടങ്ങൾ ഉണ്ട്. ഈ സാഹചര്യത്തിൽ ഓരോ നീർത്തടത്തിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന തിനായി 15,000/- രൂപ വീതം ചെലവഴിക്കുന്നതിന് അനുമതി സംബന്ധിച്ച് .

**തീരുമാനം:-** പഞ്ചായത്തിലെ 8 നീർത്തടങ്ങളും വളരെ ചെറുതാണെന്ന് ഗ്രാമ വികസന കമ്മീഷണർ യോഗത്തിൽ അറിയിച്ചു. ഈ നീർത്തടങ്ങൾ സംയോജിപ്പിക്കാൻ കഴിയില്ലാത്തതിനാൽ പരമാവധി 30,000/- രൂപയിൽ പരിമിതപ്പെടുത്തി മാസ്റ്റർപ്ലാൻ തയ്യാറാക്കണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## ഖണ്ഡിക 4.25

### ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.10.2018-ലെ കത്ത് (CC/292/2018)**

ഐ.എ.വൈ പദ്ധതിയിൽ ഗ്രാമ - ബ്ലോക്ക്- ജില്ലാ വിഹിതമായി ലഭിച്ച തുകയിൽ പലിശ ഉൾപ്പെടെ 2,19,44,049/- രൂപ ബാക്കി ഉണ്ട്. ഈ തുക ഉപയോഗിച്ച് അഗതികൾ, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ഗുരുതര രോഗം ബാധിച്ചവർ, അനാഥർ/വിധവകൾ എന്നീ വിഭാഗത്തിൽപ്പെടുന്ന 52 പേർക്ക് ഭവനം നിർമ്മിച്ചു നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** 1) ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിലെ ഗ്രാമപഞ്ചായത്തു കളിൽ ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകാൻ ഫണ്ടിന്റെ കുറവുണ്ടെന്ന് ലൈഫ് മിഷൻ പ്രതിനിധി അറിയിച്ചു. അതിനാൽ ഈ തുക ലൈഫ് മിഷൻ പദ്ധതിയിൽപ്പെടുന്ന ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ചു

നൽകാൻ ഉപയോഗിക്കണമെന്ന് നിർദ്ദേശിക്കുന്നു.

2) ബ്ലോക്ക് പഞ്ചായത്ത് അറിയിച്ച പ്രകാരമുള്ള വിഭാഗത്തിൽപ്പെടുന്നവർ ലൈഫ് മിഷന്റെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് എന്തുകൊണ്ട് ഒഴിവായി എന്നതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**
**2) ഗ്രാമവികസന കമ്മീഷണർ**

## ഖണ്ഡിക 4.26

**മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്**

**പഞ്ചായത്ത് ഡയറക്ടറുടെ 14.09.2018-ലെ കത്തും മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.08.2018-ലെ BT 11045/18-ാം നമ്പർ കത്തും (SRG 1046/18 LSGD - DB3/250/18/LSGD)**

***പ്രോ.നം 11/19 അടങ്കൽ 8.00 ലക്ഷം രൂപ***

***പേര് :- ഹരിത കർമ്മസേനയ്ക്ക് വാഹനം***

8.00 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ എന്ന പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ പ്രദേശങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് കളക്ഷൻ സെന്ററിൽ എത്തിക്കുന്നതിനായി 8.00 ലക്ഷത്തിൽ കുറയാത്ത വാഹനം വാങ്ങുന്നതിന് പ്രത്യേക അനുമതി സംബന്ധിച്ച്.

**റിപ്പോർട്ട്:-** പ്രത്യേക അനുമതി നൽകുന്നു. എന്നാൽ ഇതിന്റെ ആവർത്തന ചെലവ് വരുമാനത്തിൽ നിന്ന് ഉപയോഗിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## ഖണ്ഡിക 4.45

**ക്ലാപ്പന ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസർ ഓഫീസറുടെ 14.11.2018-ലെ കത്തും ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 08.11.2018-ലെ 11(3) -ാം നമ്പർ ഭരണസമിതി തീരുമാനവും**

***പ്രോ.നം 104/19 അടങ്കൽ 24,48,878 /- രൂപ***
***(വികസനഫണ്ടും KLGSDP വിഹിതവും)***

***പേര് :- പഞ്ചായത്ത് കെട്ടിട നിർമ്മാണം***

പഞ്ചായത്ത് കെട്ടിട നിർമ്മാണത്തിനുള്ള പ്രോജക്ടിന്റെ 13,43,125/- രൂപയുടെ ബിൽ (KLGSDP) ട്രഷറിയിൽ കഴിഞ്ഞ മാർച്ചിൽ നൽകിയെങ്കിലും തുക മാറിയില്ല. ക്യൂ ബിൽ ആയി. ഈ പ്രോജക്ടിന് ഈ വർഷം പ്രത്യേകമായി സർക്കാർ തുക അനുവദിച്ചു. എന്നാൽ തുക ലഭിക്കില്ല എന്ന ധാരണയിൽ ഈ പ്രോജക്ട് ഭേദഗതി വരുത്തി തനത് ഫണ്ട് കൂടി ഉൾപ്പെടുത്തി. അതിനാൽ പുതിയതായി അനുവദിച്ച തുക ഉപയോഗിക്കാൻ റിക്വിസിഷൻ എടുക്കാൻ കഴിയുന്നില്ല. പൊതു തീരുമാനം

ഖണ്ഡിക 3.3 ന്റെ അടിസ്ഥാനത്തിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ ക്രമീകരണം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ചെയ്യണം.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

## 3. പൊതു വിഷയങ്ങൾ

================

3.1 തദ്ദേശ ഭരണസ്ഥാപനങ്ങൾ കേരള വാട്ടർ അതോറിട്ടി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മറ്റ് ഏജൻസികൾ എന്നിവയിലേക്ക് വിവിധ പ്രവർത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വർഷങ്ങളായി ഈ തുകയിൽ നല്ലൊരു പങ്ക് ഉപയോഗിക്കാതെ കിടക്കുകയാണ്. ഈ തുക ചെലവഴിച്ച് പ്രവർത്തി പൂർത്തിയാക്കണമെന്ന് നിർദേശിച്ചിരുന്നുവെങ്കിലും വർഷങ്ങളായി വളരെയധികം പ്രവൃത്തികൾ പൂർത്തീകരിക്കാതെ കിടക്കുകയാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും താഴെ പറയുന്ന നടപടികൾ എടുക്കാൻ തീരുമാനിച്ചു.

(i) ഇത്തരം ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുക, പ്രവൃത്തി എന്നിവയുടെ വർഷം തിരിച്ച വിവരം ജില്ലാതലത്തിൽ ക്രോഡീകരിക്കണം. ഇതിനെ തുടർന്ന് ജില്ലാതലത്തിൽ ബന്ധപ്പെട്ട വകുപ്പ ഉദ്യോഗസ്ഥർ (ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ഗ്രൗണ്ട് വാട്ടർ വകുപ്പ് ജില്ലാ ഓഫീസർ തുടങ്ങിയവർ), തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ, സെക്രട്ടറിമാർ എന്നിവരുടെ യോഗം ജില്ലാ ആസൂത്രണസമിതി തലത്തിൽ പ്രത്യേകമായി വിളിച്ചു ചേർക്കണം. ജില്ലാ കളക്ടർ ഇതിന് പ്രത്യേകമായി ഇടപെടണം. ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിന് ഒരു കർമ്മ പദ്ധതി തയ്യാറാക്കണം. ഇതിന്റെ ക്രോഡീകരിച്ച റിപ്പോർട്ട് ജില്ലാ കളക്ടർ/ ജില്ലാ പ്ലാനിംഗ് ഓഫീസർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി.ഡിവിഷൻ ചീഫിനു നൽകണം. സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച റിപ്പോർട്ട് തുടർ നടപടികൾക്കായി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കു നൽകണം.

(ii) ഈ പ്രവർത്തനം ഫലപ്രദമാക്കുന്നതിന് സംസ്ഥാനതലത്തിൽ KSEB, KWA, GWD എന്നിവയുടെ മേധാവികളുടെ ഒരു യോഗം ബഹു.മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രത്യേകമായി വിളിക്കാൻ തീരുമാനിച്ചു.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) എല്ലാ ജില്ലാകളക്ടർമാരും**
**3) ചീഫ്,ഡി.പി. ഡിവിഷൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്**

3.2 മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകണമെന്ന് നിർദ്ദേശമുണ്ട്. ഇത് ഗ്രാമപഞ്ചായത്ത്/ നഗരസഭകളാണ് നൽകേണ്ടത്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും ഇതിനു തുക മാറ്റി വയ്ക്കാവുന്നതാണ്. എന്നാൽ ഇത്തരം കുട്ടികൾക്ക് അർഹമായ മുഴുവൻ സ്കോളർഷിപ്പും ബത്തയും നൽകാറില്ല. ഇതിനാവശ്യമായ മതിയായ ഫണ്ട് പലപ്പോഴും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലാത്തതും ഒരു കാരണമാണ്. മുടക്കം കൂടാതെ ഈ ധനസഹായം നൽകുന്നതിന് ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകളും

ഇതിന് മതിയായ തുക മാറ്റി വയ്ക്കണം. അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകാൻ അതത് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും പ്രത്യേകം ശ്രദ്ധിക്കണം. ഇത്തരം വിഭാഗക്കാരായ കുട്ടികളുടെ വിവരം സാമൂഹ്യസുരക്ഷാ മിഷന്റെ കൈവശമുണ്ട് എന്ന് സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. ഈ വിവരങ്ങൾ ICDS/CDPO മുഖേന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കൈമാറണം. മതിയായ തുക മാറ്റി വയ്ക്കുന്നുവെന്ന് ICDS/CDPO മാർ ഉറപ്പ് വരുത്തണം. ഇതിന് ജില്ലാ ആസൂത്രണസമിതി മേൽനോട്ടം വഹിക്കണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2) എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ**

3.3 ലോക ബാങ്ക് വിഹിതം ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികളുടെ ചില ബില്ലുകൾ 2018 മാർച്ച് അവസാനം ക്യൂ ലിസ്റ്റിലായി. ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ക്യൂ ബില്ലുകൾക്ക് അനുസൃതമായി അധികമായി ലോക ബാങ്ക് വിഹിതം ധനവകുപ്പിൽ നിന്നു നൽകി.

എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ലോക ബാങ്ക് വിഹിതം ലഭിക്കുന്നതിനു മുമ്പ് ഇതിന്റെ ബിൽ തുക തനത് ഫണ്ട് ഉപയോഗിച്ചു നൽകി. കൂടാതെ ക്യൂ ബില്ലിലുള്ള തുകയേക്കാൾ അധികമായി ചില തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലോക ബാങ്ക് വിഹിതമായി ലഭിച്ചു. ഇങ്ങനെ മിച്ചമുള്ള തുകയുടെ വിനിയോഗം സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശം നൽകുന്നു.

(i) ലോക ബാങ്ക് വിഹിതം ലഭിക്കുന്നതിനുമുമ്പ് ബിൽ തുക തനത് ഫണ്ട് ഉപയോഗിച്ച് നൽകിയെങ്കിൽ മിച്ചം ലഭ്യമായ തുക ലോക ബാങ്കിന്റെ ഉപയോഗം സംബന്ധിച്ച് മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന പുതിയ പദ്ധതികൾക്കോ ഇതേ ഗണത്തിൽപ്പെട്ട സ്പിൽ ഓവർ പ്രോജക്ടുകൾക്കോ ഉപയോഗിക്കാവുന്നതാണ്.

(ii) ലോക ബാങ്ക് വിഹിതം അധികമായി ലഭിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്കും മുകളിൽ പറഞ്ഞ ഗണത്തിൽപ്പെട്ട പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഈ തുക 31.03.2019-നകം ചെലവഴിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.4 കേരള വാട്ടർ അതോറിട്ടിക്ക് വെള്ളക്കരം കുടിശ്ശിക നൽകാനുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ തുക ധനവകുപ്പ് വികസനഫണ്ടിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം കുറവു ചെയ്ത തുക കഴിഞ്ഞാൽ മിച്ചം തുക വളരെ കുറവാണ്. അതിനാൽ ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനിവാര്യ പ്രോജക്ടുകളുടെ ബിൽ തുക പോലും നൽകാൻ ഫണ്ടില്ല. ഈ സാഹചര്യത്തിൽ വലിയ കുടിശ്ശികയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ തുക രണ്ടോ മൂന്നോ വർഷംകൊണ്ട് ഗഡുക്കളായി അടയ്ക്കാവുന്ന രീതിയിലാക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

3.5 പട്ടിക വർഗ്ഗ വിഭാഗക്കാരില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്കും റ്റി.എസ്.പി. വിഹിതം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശം പഞ്ചായത്ത് ഡയറക്ടർ ശേഖരിച്ചിരുന്നു. ഈ തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിന് ഹെഡ് ഓഫ്

അക്കൗണ്ട് നൽകണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. കൂടാതെ ഇങ്ങനെ തിരിച്ചടയ്ക്കുന്ന തുക പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിന്റെ സാധ്യത പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികവർഗ്ഗ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച് സ്റ്റേറ്റ് ഫിനാൻസ് സെൽ ജോയിന്റ് സെക്രട്ടറിയെ കൂടി ചേർത്ത് യോഗം വിളിക്കാൻ തീരുമാനിച്ചു.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പട്ടിക വർഗ്ഗ ഡയറക്ടർ**

3.6 കണ്ണൂർ ജില്ലയിലെ നേവൽ അക്കാദമിയിൽ മാലിന്യം സംസ്കരിക്കുന്നത് ശാസ്ത്രീയമായല്ലെന്നും രാമന്തളി ഗ്രാമപഞ്ചായത്തിൽ ഇത് സംബന്ധിച്ച് പൊതു ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടാണെന്നും ബഹു.മന്ത്രിയുടെ ജില്ലാതല അവലോകന യോഗത്തിൽ പരാമർശിക്കപ്പെട്ടിരുന്നു. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, കണ്ണൂർ ജില്ലാ കളക്ടർ, ബന്ധപ്പെട്ട ജനപ്രതിനിധികൾ എന്നിവർ ചേർന്ന് നേവൽ അക്കാദമി അധികാരികളുമായി ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ**
**3) ജില്ലാ കളക്ടർ, കണ്ണൂർ**

3.7 അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ വകുപ്പുതല ട്രാൻസ്ഫർ ആയും മറ്റു വകുപ്പുകളിലേയ്ക്കും പോകുമ്പോൾ പൂർത്തിയാക്കിയ നിർമ്മാണ പ്രവൃത്തികളുടെ മെഷർമെന്റ് എടുക്കാതെ പോകുന്നുവെന്നും അതിനാൽ ഇവയുടെ ബില്ല് നൽകാൻ കാലതാമസം നേരിടുന്നുവെന്നും യോഗം നിരീക്ഷിച്ചു.

ഇങ്ങനെ സ്ഥാനമൊഴിഞ്ഞു പോകുന്ന എഞ്ചിനീയർമാരെ ഇത്തരം ചുമതലകൾ പൂർത്തിയാക്കിയതിനുശേഷം മാത്രമേ മേൽ ഉദ്യോഗസ്ഥർ ഡ്യൂട്ടിയിൽ നിന്ന് റിലീവ് ചെയ്യാവൂ എന്ന് നിർദ്ദേശിക്കുന്നു. അല്ലാതെ റിലീവ് ചെയ്താൽ ഇത്തരം ജോലികൾ റിലീവിംഗ് ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കും.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യു) വകുപ്പ്**
**2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

3.8 വിവിധ പ്രോജക്ടുകൾക്ക്, പ്രത്യേകിച്ച് നിർമ്മാണ പ്രവൃത്തികൾ, പാർട്ട് ബിൽ എഴുതുന്ന രീതി അവലംബിക്കണമെന്ന് പല പ്രാവശ്യം നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇത് ഫലപ്രദമായി നടപ്പാക്കുന്നില്ല എന്നു യോഗം നിരീക്ഷിച്ചു. മറ്റു വകുപ്പുകളെ അപേക്ഷിച്ച് എഞ്ചിനീയറിംഗ് പ്രോജക്ടുകളുടെ ചെലവ് കുറവാണ്. അതിനാൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി പാലിക്കാൻ നിർദ്ദേശിക്കുന്നു. ഇത് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അവലോകനം ചെയ്യണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

3.9 സംസ്ഥാനത്തെ ഏക പട്ടികവർഗ്ഗ പഞ്ചായത്താണ് ഇടമലക്കുടി. ബഡ്ജറ്റ് പ്രകാരം അനുവദിക്കുന്ന തുക മേഖലാ വിഭജനത്തിനു വിധേയമായാണ് ഈ പഞ്ചായത്തിലും ചെലവഴിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗക്കാർ മാത്രം

താമസിക്കുന്നതും വളരെ പിന്നാക്കം നിൽക്കുന്നതുമായ ഈ പഞ്ചായത്തിൽ പദ്ധതി ആസൂത്രണ-നിർവഹണത്തിൽ പ്രത്യേക ഇടപെടൽ നടത്താൻ തീരുമാനിച്ചു.

1) പട്ടികവർഗ്ഗ പഞ്ചായത്തായതിനാൽ വികസനഫണ്ടിന്റെ ഉപയോഗത്തിൽ നിന്ന് പശ്ചാത്തല മേഖലയുടെ ഉയർന്ന പരിധിയും ഉത്പാദന മേഖലയുടെ കുറഞ്ഞ പരിധിയും ഒഴിവാക്കാൻ തീരുമാനിച്ചു. എന്നാൽ വനിതാ ഘടക പദ്ധതി, കുട്ടികൾ, ഭിന്നശേഷിക്കാർ, വൃദ്ധർ തുടങ്ങിയവർക്ക് മാർഗ്ഗരേഖ പ്രകാരമുള്ള കുറഞ്ഞ പരിധി പാലിക്കേണ്ടതാണ്. പരീക്ഷണാർത്ഥം ഇത് 2019-2020 വർഷത്തേയ്ക്ക് മാത്രമാണ് ബാധകം
2) പഞ്ചായത്തിലേയും ഘടക സ്ഥാപനങ്ങളിലേയും ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ജില്ലയിൽ ഒരു പ്രത്യേക മോണിട്ടറിംഗ് സംവിധാനമൊരുക്കാൻ ജില്ലാ കളക്ടറോട് നിർദ്ദേശിക്കുന്നു. ഇവർ നിശ്ചിത കാലയളവിൽ പഞ്ചായത്ത് സന്ദർശിക്കേണ്ടതും പദ്ധതി ആസൂത്രണ നിർവഹണ ത്തിൽ പ്രത്യേകമായ ഇടപെടൽ നടത്തേണ്ടതുമാണ്. കൂടാതെ 6 മാസത്തിലൊരിക്കലെങ്കിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എല്ലാ ജില്ലാതല ഉദ്യോഗസ്ഥരേയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി പഞ്ചായത്തിൽ ക്യാമ്പ് നടത്തണം. ക്യാമ്പിൽ ഉയർന്നു വരുന്ന ആവശ്യങ്ങൾ പരിഹരിക്കാൻ പ്രത്യേക ഇടപെടൽ ജില്ലാ കളക്ടർ നടത്തണം. ഈ കാര്യത്തിൽ ആവശ്യമായ ഏകോപനം ജില്ലാ ആസൂത്രണസമിതി നടത്തണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ജില്ലാ കളക്ടർ, ഇടുക്കി**
**3) പഞ്ചായത്ത് ഡയറക്ടർ**

**3.10** മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വികസന ഫണ്ടിന്റെ 20 ശതമാനം തുക ലൈഫ് പദ്ധതിക്കായി മാറ്റി വച്ചിട്ടുണ്ട്. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒന്നാം ഘട്ട ഭവന പദ്ധതിയിൽ (ഭൂമിയുള്ള ഭവന രഹിതർ) ഇത്രയും തുക ആവശ്യമില്ല. അതിനാൽ ഈ തുക ചെലവഴിക്കപ്പെടാതെ കിടക്കുകയാണ്. ശേഷിക്കുന്ന മൂന്നു മാസം കൊണ്ട് 2-ാംം ഘട്ട ഭവന പദ്ധതി (ഭൂരഹിത- ഭവന രഹിതർ) പ്രകാരം സ്ഥലം വാങ്ങാൻ ബുദ്ധിമുട്ടാണ് എന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ മാറ്റി വച്ചിരിക്കുന്ന 20 ശതമാനം തുകയിൽ നിന്ന് ഒന്നാം ഘട്ടമായി വീടു നൽകുന്നതിന് ആവശ്യമായ തുക കഴിച്ച് ബാക്കി തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനിക്കുന്ന പക്ഷം വീടിന് സ്ഥലം വാങ്ങുന്നതടക്കമുള്ള മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ഇങ്ങനെ തുക ഉപയോഗിക്കുമ്പോൾ കാറ്റഗറി 1 സ്പിൽ ഓവർ പ്രോജക്ടുകളുടെ ബിൽ തുക നൽകുന്നതിന് മുൻഗണന നൽകേണ്ടതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**3.11** ഗ്രാമപഞ്ചായത്തുകൾ ആധുനിക ശ്മശാനം നിർമ്മിക്കുന്നുണ്ട്. ഇതിന്റെ പരിപാലനത്തിന് ഭാരിച്ച തുക ആവശ്യമായി വരുന്നു. ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആധുനിക ശ്മശാനത്തിന്റെ ഉപയോഗം വളരെ കുറവാണ്. ഈ

സാഹചര്യത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആധുനിക ശ്മശാനം ആവശ്യമുണ്ടോ എന്നു പരിശോധിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് എത്ര ഗ്രാമപഞ്ചായത്തുകളിൽ ആധുനിക ശ്മശാനം ഉണ്ട്, എത്ര ഗ്രാമപഞ്ചായത്തുകൾ ഇതിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്, ഒരു ശ്മശാനത്തിന്റെ നടത്തിപ്പ് ചെലവ്, എല്ലാ ഗ്രാമപഞ്ചായത്തിലും ഇതിന്റെ ആവശ്യമുണ്ടോ എന്നിവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതിന്മേൽ പഞ്ചായത്ത് ഡയറക്ടറുടെ അഭിപ്രായവും അറിയിക്കണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ**, ശുചിത്വ മിഷൻ
**3) പഞ്ചായത്ത് ഡയറക്ടർ**

**3.12** മുൻ വർഷങ്ങളിലെ പോലെ ഈ വർഷവും SCP, TSP വിഹിതത്തിന്റെ ചെലവ് ശതമാനം കുറവാണ് എന്ന് യോഗം വിലയിരുത്തി. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് നടപ്പാക്കുന്ന (സംസ്ഥാന പ്ലാനിൽ നിന്ന്) പദ്ധതികളുടെ നിർവഹണം അവലോകനം ചെയ്യുന്നതോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന SCP, TSP പ്രോജക്ടുകളും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും വിലയിരുത്തണം.

ഇതു സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് പട്ടികജാതി, പട്ടികവർഗ്ഗ ഡയറക്ടർമാരോട് നിർദ്ദേശിച്ചു. സ്വീകരിച്ച നടപടി അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്യണം. കൂടാതെ SCP, TSP പദ്ധതി ചെലവ് കുറയാനുള്ള കാരണങ്ങൾ സംബന്ധിച്ച് പരിശോധിച്ച് ഇതിന്റെ റിപ്പോർട്ടും അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നല്കണം

**നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) പട്ടികജാതി വികസന ഡയറക്ടർ**
**3) പട്ടികവർഗ്ഗ വികസന ഡയറക്ടർ**

**3.13** മാർഗ്ഗരേഖ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് നൽകുന്ന ലാപ് ടോപിന്റെ പരമാവധി യൂണിറ്റ് നിരക്ക് 30,000/- രൂപയാണ്. ഐ.ടി. മിഷൻ ഡയറക്ടറുടെ ശുപാർശ പ്രകാരമാണ് മിഡിൽ ലവൽ സ്പെസിഫിക്കേഷന് ഈ നിരക്ക് നിശ്ചയിച്ചിരുന്നത്. എന്നാൽ കെൽട്രോൺ, Centralised Procurement and Rate Contract System (CPRCS) മുഖേന ലാപ് ടോപ് വാങ്ങുമ്പോൾ 30,000/- രൂപയിലധികമാണെന്ന് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഐ.ടി. മിഷൻ ഡയറക്ടർ ശുപാർശ ചെയ്ത മിഡിൽ ലെവൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപ് മാത്രമേ വിദ്യാർത്ഥികൾക്ക് നൽകേണ്ടതുള്ളൂ. പട്ടികജാതി പട്ടികവർഗ വിഭാഗത്തിലെ അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് 30,000/- രൂപ വരെ വിലയുള്ള ലാപ് ടോപ് നൽകാവുന്നതാണ്. മിഡ്–ലെവൽ സ്പെസിഫിക്കേഷൻ താഴെച്ചേർക്കുന്നു.

**Usage:** Use of word processing, spreadsheets, e-mail, Internet browsing, Web based applications and Multiple applications with graphics and multimedia performance essential for Web content, smooth graphics, and video, and data intensive e-Governance applications.

- **Processor:** 64 bit Multi core x86 Processor with 4 threads having either of
  - BAPCO SysMark 2014 rating of 700 or above tested with memory of 8.0GB
  - PC Mark 8 Work Accelerated Score of 3450 or higher, tested with 8GB RAM.

- **Chipset:** Compatible
- **Motherboard:** OEM Compatible
- **Memory:** 4 GB DDR3 1333 RAM(or Higher) Expandable up to 8GB
- **Hard Disk:** 1.0TB, 5400rpm or Higher
- **Display:** LED Backlit Display
- **Display Size:** 15.6”
- **Resolution:** 1366X768 WXGA or Higher
- **Wireless connectivity:** IEEE 802.11b/g/n/WLAN integrated wireless, Integrated Bluetooth 4.0
- **DVD Writer:** Integrated DVD Writer 8X or above
- **Speaker:** Integrated Stereo Speaker
- **Keyboard:** Keyboard with Touch Pad
- **Camera:** Integrated
- **Audio:** Integrated High Definition Audio
- **Expansion Port:** 3USB, 1 USB3.0, 10/100/1000 Ethernet Card, RGB or Video or VGA/HDMI, Microphone, Stereo Headphone & other Standard features
- **Power Supply:** 230V, 50Hz AC Supply with rechargeable Battery Pack comprising of Li-Ion battery suitable for approx. 4hrs operation complete with battery charger / adapter
- **Mouse:** Optical Scroll mouse
- **Carry case:** Backpack to be provided
- **Weight:** Weight Less than 2.5 Kg
- **Warranty:** 5 year comprehensive onsite OEM warranty including battery and charger
- **Certification:** Energy Star 5.0/ Bureau of Energy Efficiency (BEE) certification, RoHS (Preferable)
- **Operating System:** Ubuntu 16.04 LTS preloaded

ഇതനുസരിച്ചുള്ള നിരക്ക് പുതുക്കി നിശ്ചയിക്കേണ്ടതുണ്ടോ എന്ന് പരിശോധിച്ച് ഐ.ടി. മിഷൻ ഡയറക്ടർ റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ഡയറക്ടർ, ഐ.ടി.മിഷൻ**

**3.14** മാർഗ്ഗരേഖ പ്രകാരം പാടശേഖരങ്ങളിൽ പെട്ടിയും പറയും ( PUMP SET) സ്ഥാപിക്കുന്നതിന് ധനസഹായം നൽകാവുന്നത് ബ്ലോക്ക് പഞ്ചായത്തിനു മാത്രമാണ്. എന്നാൽ നഗരസഭാ പ്രദേശങ്ങളിൽ അതത് നഗരസഭകൾക്ക് ഇതിന് ധനസഹായം നൽകാവുന്നതാണ്. മാർഗ്ഗരേഖയിലെ മറ്റ് മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4. പ്രത്യേക വിഷയങ്ങൾ

=====================

## 4.1 മാറഞ്ചേരി ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.10.2018-ലെ കത്തും മാറഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.12.2018-ലെ കത്തും (CC 265/18)**

***പ്രോ.നം 108/19 അടങ്കൽ 1,00,000/- രൂപ***

***പേര്:- ഉണർവ് - മാനസികാരോഗ്യ പരിപാടി***

പഞ്ചായത്ത് പ്രൈമറി ഹെൽത്ത് സെന്ററിൽ ഒരു സൈക്ക്യാട്രിസ്റ്റിന്റെ സേവനം ലഭിക്കുന്നുണ്ട്. ഇവിടെ വരുന്ന പല രോഗികൾക്കും കൗൺസിലിംഗ് ആവശ്യമുണ്ട്. അതിനാൽ ഇവർക്ക് കൗൺസിലിംഗ് നൽകുന്നതിന് ഒരു സൈക്കോളജിസ്റ്റിന്റെ സേവനം കൂടി ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.2 മാറഞ്ചേരി ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.11.2018-ല കത്ത് (CC/485/18)**

***പ്രോ.നം. 121/18 അടങ്കൽ 4,00,000/- രൂപ***

***പേര്:- കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ആട് പ്രജനന യൂണിറ്റുകൾ***

കുടുംബശ്രീ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ആട് പ്രജനന യൂണിറ്റ് സ്ഥാപിച്ച് പഞ്ചായത്തിന് ആവശ്യമായ ആട്ടിൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനു വേണ്ടിയുള്ള ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.3 ചാലക്കുടി നഗരസഭ

**ചാലക്കുടി നഗരസഭാ ചെയർപേഴ്സന്റെ 26.09.2018-ലെ കത്ത് (LSGD - DB3/283/2018 LSGD)**

നഗരസഭാ പ്രദേശത്തെ GVHSS ചാലക്കുടി, GGHS എന്നീ സ്കൂളുകൾക്ക് MLASDFൽ നിന്നും ബസ് ലഭിച്ചിട്ടുണ്ട്. ഈ ബസുകളുടെ ഇന്ധന ചെലവ്, ഡ്രൈവറുടെ വേതനം തുടങ്ങിയ ആവർത്തന ചെലവ് നഗരസഭയിൽ നിന്നും നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** അനുമതി നിരസിച്ചു. ഇത്തരം ചെലവുകൾ PTA വഹിക്കണം

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.4 ഏഴംകുളം ഗ്രാമപഞ്ചായത്ത്

**ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 01.10.2018-ലെ 1/7-ാം നമ്പർ ഭരണസമിതി തീരുമാനവും Kerala Law Reforms Commission വൈസ് ചെയർമാന്റെ 31.10.2018-ലെ D.O.No. 1/2018-ാം നമ്പർ കത്തും (LSGD DB4/9/2018/LSGD)**

പഞ്ചായത്തിൽ 10 ഇരട്ട വീടുകൾ ഒറ്റവീടാക്കുന്നതിനുള്ള പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. അടങ്കൽ 63.00 ലക്ഷം രൂപ. അംഗീകൃത ഏജൻസിയെ ടെണ്ടർ മുഖേന കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ലൈഫ് പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണം മുടങ്ങരുതെന്ന നിബന്ധനയോടെ പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി,ബി) വകുപ്പ്**

## 4.5 പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.09.2018-ലെ കത്തും പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.05.2018 -ലെ A3-1943/18-ാം നമ്പർ കത്തും** (CC 77/18)

***പ്രോ.നം. 94/19, 95/19 — അടങ്കൽ 1,56,000/-(ജനറൽ) 3,90,000/- (SCP)***

***പേര്:-1) കക്കൂസ് മുറി നവീകരണം (ജനറൽ)***
***2)കക്കൂസ് മുറി നവീകരണം (SCP)***

കക്കൂസ് മുറി നവീകരണത്തിന് പൊതു വിഭാഗം, പട്ടികജാതി വിഭാഗം എന്നിവയിലായി രണ്ടു പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം:-** മറ്റു മാനദണ്ഡങ്ങൾ പാലിക്കണമെന്ന നിബന്ധന യോടെ പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.6 തിരുവാലി ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.10.2018-ലെ കത്ത് ( CC 314/18)**

***പ്രോ.നം. 101/19 — അടങ്കൽ 3,00,000/-***

***പേര്:- ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കാൻ***

സർക്കാർ എയ്ഡഡ് സ്കൂളിലെ ഒന്നാം ക്ലാസ് വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്റ്റീൽ വാട്ടർ ബോട്ടിൽ നൽകുന്നതിനുള്ള ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.7കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി

**കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ 08.11.2018-ലെ E 4 - 4836/18/ കേ.സം.സാ.മി.അ.**

സംസ്ഥാനത്തെ മുഴുവൻ കുടുംബശ്രീ അംഗങ്ങളേയും പത്താംതരം വിജയിച്ചവരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ 'സമ' പ്രോജക്ട് കുടുംബശ്രീയും അംഗീകരിച്ചിട്ടുണ്ട്. പത്താംതരം വിജയിച്ചിട്ടില്ലാത്ത CDS ഭരണസമിതി അംഗങ്ങളെ തുടർ വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ ഫീസ് ജില്ലാ പഞ്ചായത്ത് വകയിരുത്താൻ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** ഇതിനായി 80.0 ലക്ഷം രൂപയോളം ആവശ്യമായി വരുമെന്ന് യോഗം വിലയിരുത്തി. അതിനാൽ ഇത് ഘട്ടം ഘട്ടമായി നടപ്പാക്കിയാൽ മതിയെന്ന നിർദ്ദേശത്തോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.8 വരാപ്പുഴ ഗ്രാമപഞ്ചായത്ത്**

**വരാപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.11.2018-ലെ A2-5816/17-ാം നമ്പർ കത്തും**

പഞ്ചായത്തിൽ ലൈഫ് മിഷനിൽ പദ്ധതിക്ക് ലഭ്യമായ വിഹിതം 1.20 കോടി രൂപയാണ് (ബ്ലോക്ക്/ ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടെ). അർഹരായ 29 പേരിൽ 25 പേർ എഗ്രിമെന്റു വച്ചു. നാലുപേർ തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ ഭൂമിയുള്ളവരാണ്. ഇവർക്ക് ധനസഹായം നൽകാൻ കഴിയില്ല. അതിനാൽ ശേഷിക്കുന്ന തുക ഉപയോഗിച്ച് പഞ്ചായത്തിലെ ഭവന രഹിതരുടെ സപ്ലിമെന്ററി ലിസ്റ്റിലുള്ള ഗുണഭോക്താക്കൾക്ക് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** ഇത് പരിശോധിച്ച് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് നൽകണം.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**

**4.9 പെരളശ്ശേരി ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.11.2018-ലെ കത്തും പെരളശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03.11.2018-ലെ A2-6558/17-ാം നമ്പർ കത്തും (SRG 1062/18 - CC 459/18)**

***പ്രോ.നം. 17/19 അടങ്കൽ 1,72,500/- രൂപ***

***പേര്:- സ്കൂൾ പൗൾട്രി ക്ലബ്***

പഞ്ചായത്തിൽ 5 സ്കൂളുകളിലായി ഓരോ സ്കൂളുകളിലേയും 50 കുട്ടികൾക്ക് 5 കോഴികളും , തീറ്റച്ചെലവിനായി 100 രൂപയും നൽകാനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.10 വയനാട് ജില്ലാ പഞ്ചായത്ത്**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.11.2018-ലെ കത്തും വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 10.10.2018-ലെ DP -14-1005/18-ാം നമ്പർ കത്ത് (SRG 1051/18- CC 452/18)**

***പ്രോ.നം. 388/19 അടങ്കൽ 15,00,000/- രൂപ***

***പേര്:- വിജ്ഞാൻ ജ്യോതി***

സമ്പൂർണ്ണ സാക്ഷരതയുമായി ബന്ധപ്പെട്ട് വിജ്ഞാൻ ജ്യോതി എന്ന പ്രോജക്ടിൽ ക്യാമ്പ് സംഘടിപ്പിക്കൽ, ഇൻസ്ട്രക്ടർമാർക്കും അദ്ധ്യാപർക്കും പരിശീലനം, മറ്റു ക്യാമ്പുകൾ എന്നിവ കൂടി നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** മാർഗ്ഗരേഖ പ്രകാരം സാക്ഷരതാ കേന്ദ്രത്തിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക, പാഠ പുസ്തകങ്ങളുടെ വില, സാക്ഷരതാ മിഷന് അടയ്ക്കേണ്ട ഫീസ് എന്നിവയ്ക്കാണ് ജില്ലാ പഞ്ചായത്തിന് തുക ചെലവഴിക്കാവുന്നത്. മുകളിൽ പറഞ്ഞവയ്ക്ക് തുക ചെലവഴിക്കാവുന്നതല്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.11 വാളയം ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.11.2018-ലെ കത്ത്**

(SRG 1059/18 -CC 469/18)

***പ്രോ.നം. 14/19 അടങ്കൽ 1,00,000/- രൂപ (തനത് ഫണ്ട് 80,000/- രൂപ, ഗുണഭോക്തൃ വിഹിതം 20,000/- രൂപ)***

***പേര്:- വാളയം ടൗണിൽ CC TV സ്ഥാപിക്കൽ***

പഞ്ചായത്തിലെ വാളയം ഭാഗത്ത് ഓടയിൽ മാലിന്യം തള്ളുന്നത് തടയാൻ സി.സി. റ്റി.വി. ക്യാമറ സ്ഥാപിച്ചു. ഇതിന് സാധൂകരണം സംബന്ധിച്ച്.

**തീരുമാനം:-** സമീപത്തെ വ്യാപാരികളുടെ കൂടി വിഹിതം ഉൾപ്പെടുത്തിയിട്ടുണ്ട് എന്നതിനാൽ പ്രത്യേകമായി പരിഗണിച്ച് സാധൂകരണം നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.12 കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.11.2018-ലെ കത്ത്**

(SRG 1060/18 -CC 492/18)

***പ്രോ.നം. 45/19 അടങ്കൽ 6,75,000/- രൂപ (SCP)***

***പേര്:- പട്ടികജാതി വിഭാഗത്തിലെ യുവാക്കൾക്ക് സ്വയം തൊഴിൽ -ടാക്സി കാർ/ പിക്കപ് വാൻ***

2018-19 വാർഷിക പദ്ധതിയിൽ സ്വയം തൊഴിലിന്റെ ഭാഗമായി ടാക്സി കാർ /പിക്കപ് വാൻ (SCP) വാങ്ങി നൽകാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ഗുണഭോക്തൃ വിഹിതം ലഭിക്കാൻ ബുദ്ധിമുട്ടായതിനാൽ ഓട്ടോ ടാക്സി വിഭാഗത്തിൽപ്പെട്ട നാലുചക്ര വാഹനം വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** തദ്ദേശഭരണ സ്ഥാപനതലത്തിൽ തീരുമാനമെടുക്കാൻ അനുമതി നൽകുന്നു. ഇത്തരം വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകുന്നത് ഒഴിവാക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.13 നാറാത്ത് ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.11.2018-ലെ കത്ത് (SRG 1061/2018 CC-465/18)**

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന താഴെപ്പറയുന്ന പ്രോജക്ടുകൾ ഒഴിവാക്കി നാറാത്ത് കുടുംബാരോഗ്യ കേന്ദ്രത്തിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച് .

| ക്രമ നം | പ്രോജക്ട് നം | പേര് | അടങ്കൽ |
|---|---|---|---|
| 1 | 30/19 | തയ്യൽ യൂണിറ്റ് | 4, 70, 558/- |
| 2 | 31/19 | പലഹാര നിർമ്മാണ യൂണിറ്റ് | 3, 52,940/- |
| 3 | 32/19 | കുടുംബശ്രീ യൂണിറ്റിന് സ്വയം തൊഴിൽ | 6,00,000/- |
| 4 | 33/19 | വനിതകൾക്ക് ത്രീ വീലർ പരിശീലനം | 3,00,000/- |
| 5 | 246/19 | ഇറച്ചിക്കോഴി ഉല്പാദനം - വനിത | 10,40,000/- |
| | | | ആകെ അടങ്കൽ - 27,63,528/- രൂപ |

**തീരുമാനം:-** കുടുംബാരോഗ്യ കേന്ദ്രത്തിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ സഹിതം സമർപ്പിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.14 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.11.2018-ലെ കത്ത്**

***പ്രോ.നം. 318/19 അടങ്കൽ 5,00,000/- രൂപ (വികസനഫണ്ട്)***

***പേര്:- ഭിന്നശേഷിക്കാർക്ക് വിവിധ സഹായങ്ങൾ***

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ശ്രീ. ബാബു. എൻ.കെ. പാലയാട് നട എന്ന ആൾക്ക് 2012-ൽ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകിയിരുന്നു. ഇത് ലോട്ടറി കച്ചവടത്തിന് ഉപയോഗിക്കുന്നു. ഇപ്പോൾ ഇത് പ്രവർത്തന രഹിതമാണ്. അതിനാൽ ഒരു സ്കൂട്ടർ കൂടി നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.15 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.11.2018-ലെ കത്ത് (SRG 1069/18 -CC 511/18)**

***പ്രോ.നം. 362/18 അടങ്കൽ 15,00,000/- രൂപ (വികസനഫണ്ട്)***

***പേര്:- വടകര, കുറ്റിയാടി കടത്തനാട്, പേരാമ്പ്ര,കോഴിക്കോട് എന്നിവിടങ്ങളിലെ നാളികേര ഉത്പാദന കമ്പനികൾ***

വടകര, കുറ്റ്യാടി, കടത്തനാട്, പേരാമ്പ്ര, കോഴിക്കോട് എന്നീ നാളികേര ഉത്പാദക കമ്പനികൾ മുഖേന തെങ്ങിൻതൈകൾ ഉൽപാദിപ്പിച്ച് കർഷകർക്ക് നൽകാനുള്ള

നൂതന പ്രോജക്ടായി ജില്ലാപഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ നാളികേര സംഘങ്ങൾക്ക് തുക ഗ്രാന്റായി നൽകാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. നൂതനാശയങ്ങൾ ഇല്ല എന്നും കൃഷിവകുപ്പ് ആവശ്യമായ തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് കർഷകർക്ക് നൽകുന്നുണ്ടെന്നും കൃഷിവകുപ്പ് അറിയിച്ചതനുസരിച്ച് സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റി ഇതിന് അനുമതി നൽകിയില്ല. പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** ഇതു സംബന്ധിച്ച് കൃഷി ഡയറക്ടറുടെ റിപ്പോർട്ട് സഹിതം സമർപ്പിക്കണം. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കും

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.16 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.11.2018-ലെ കത്തും ഭരണസമിതിയുടെ 25.10.2018-ലെ കത്തും**

കയർ കൈത്തറി സഹകരണ സംഘങ്ങൾക്ക് വർക്ക് ഷെഡ് നിർമ്മിക്കുന്നതിനായി താഴെപ്പറയുന്ന പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. (SRG 1079, 1071, 1072, 1073/18)

| ക്രമ നം | പ്രോ.നം. | പേര് | പദ്ധതി വിഹിതം |
|---|---|---|---|
| 1 | 482/19 | ഒളവണ്ണ കയർ സൊസൈറ്റിക്ക് ധനസഹായം നൽകൽ | 15,00,000/- രൂപ |
| 2 | 489/19 | കടലുണ്ടി കയർ സൊസൈറ്റിക്ക് ധനസഹായം നൽകൽ | 15,00,000/- രൂപ |
| 3 | 1235/19 | കേരള കൈത്തറി വീവേഴ്സ് സൊസൈറ്റി വർക്ക് ഷെഡ് ചിറയിൻ പീടിക, അഴിയൂർ | 15,00,000/-രൂപ |
| 4 | 1249/19 | ഇരങ്ങല്ലൂർ കയർ വ്യവസായ സഹകരണ സംഘം - ഒളവണ്ണ | 30,00,000/-രൂപ |

മാർഗ്ഗരേഖയിലെ വ്യവസ്ഥ ഒഴിവാക്കി ജില്ലാ പഞ്ചായത്ത് വകയിരുത്തിയ മുഴുവൻ തുകയും ധനസഹായമായി നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** ഈ സഹകരണ സംഘങ്ങളുടെ പ്രവർത്തനം, പ്രളയത്തിലുണ്ടായ നഷ്ടം എന്നിവയുടെ വിശദാംശങ്ങൾ സഹിതം പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകണം. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കും

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)പഞ്ചായത്ത് ഡയറക്ടർ**

**4.17 മണ്ണാർക്കാട് മുനിസിപ്പാലിറ്റി**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.11.2018-ലെ കത്തും മണ്ണാർക്കാട് നഗരസഭാ സെക്രട്ടറിയുടെ 13.11.2018-ലെ A2- 1456/2018-ാം നമ്പർ കത്തും (SRG 1075/CC 504/18)**

***പ്രോ.നം. 24/19*** ***അടങ്കൽ 6,93,000/- (SCP)***

***പേര്:- ഹൈസ്കൂൾ വിഭാഗം എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ***

ഈവർഷം പദ്ധതിയിൽ ഹൈസ്കൂളിലെ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാൻ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.18ഐക്കരനാട് ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.11.2018-ലെ കത്തും 17.07.2018-ലെ 1(2) -ാം നമ്പർ ഭരണസമിതി തീരുമാനവും**

***പ്രോ.നം. 61/19 അടങ്കൽ 50,000/- രൂപ***

***പേര്:- സ്കൂൾ സ്റ്റുഡന്റ് പോലീസ് കേഡറ്റ് ധനസഹായം***

പഞ്ചായത്തിലെ കടയിരിപ്പ് ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രവർത്തിക്കുന്നുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റിന് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.19ഐക്കരനാട് ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.11.2018-ലെ കത്തും ഐക്കരനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.09.2018-ലെ A3 - 10/18-ാം നമ്പർ കത്തും**

***പ്രോ.നം. 67/19, 140/19, 139/19, 69/19 അടങ്കൽ 25,000/- രൂപ***

***പേര്:- പട്ടികവർഗ്ഗ കുട്ടികൾക്ക് പഠനോപകരണങ്ങൾ (മേശ, കസേര)***

ഐക്കരനാട് പഞ്ചായത്തിലെ ചില പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തു .അതിനാൽ 2015 മുതൽ ഇവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല. അതിനാൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| 1) | വിവിധ കോഴ്സുകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം | അടങ്കൽ 64,000/- രൂപ |
| 2) | പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് | അടങ്കൽ 30,000/- |
| 3) | പട്ടികവർഗ്ഗത്തിൽപ്പെട്ട വൃദ്ധർക്ക് കട്ടിൽ വാങ്ങൽ | അടങ്കൽ 43,500/- രൂപ |

**തീരുമാനം:-** ഇതിന്മേൽ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികവർഗ്ഗ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)പട്ടികവർഗ്ഗ ഡയറക്ടർ**

4.20കോട്ടയം ജില്ലാ പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.11.2018-ലെ കത്തും ജില്ലാ പഞ്ചായത്തിന്റെ 07.11.2018-ലെ 2(3) -ാം നമ്പർ ഭരണസമിതി തീരുമാനവും (CC-552/18 SRG-1107/18)**

***പ്രോ.നം. 605/19*** ***അടങ്കൽ 4,78,819/- രൂപ(വികസനഫണ്ട്)***

***21,181/- രൂപ (നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് )***

***പേര്:- അയർക്കുന്നം ഡിവിഷനിൽ സ്കൂളുകളിൽ വോളി ബാൾ, ബാസ്കറ്റ് ബാൾ, ഫുട്ബാൾ പരിശീലനം***

അയർക്കുന്നം ഡിവിഷനിലെ ഏഴ് മുതൽ 9 വരെ ഉള്ള ക്ലാസ്സുകളിലെ എല്ലാ എയ്ഡഡ് സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് വോളിബോൾ ബാസ്കറ്റ്ബോൾ ഫുട്ബോൾ പരിശീലനത്തിനുള്ള പ്രോജക്ട്. ഒരു പ്രത്യേക ഡിവിഷനിൽ മാത്രം ഉൾപ്പെടുന്നതിനാൽ സർക്കാർ അനുമതി വേണമെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചതനുസരിച്ച് കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി സംബന്ധിച്ച്

**തീരുമാനം:-** ഈ പ്രദേശത്തെ സ്പോർട്സ് മികവ്, പ്രത്യേകത,മറ്റ സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച് ജില്ലാ സ്പോർട്സ് കൗൺസിലിലെ റിപ്പോർട്ട് സഹിതം സമർപ്പിക്കണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനിക്കും

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.21 കുമ്പളം ഗ്രാമ പഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.11.2018-ലെ കത്തും (SRG 1108/18 CC 286/18)**

***പ്രോ.നം. 65/19*** ***അടങ്കൽ 12,00,000/-- രൂപ***

***പേര്:- മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ്***

മാർഗരേഖ പ്രകാരം ബിരുദതലം മുതലുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് നൽകാം. പഞ്ചായത്തിലെ ചില മത്സ്യതൊഴിലാളികളുടെ മക്കൾ പാരലൽ കോളേജിലാണ് പഠിക്കുന്നത്. ഇവർക്കു കൂടി ലാപ് ടോപ് നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ സംബന്ധിച്ച രേഖ ഹാജരാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.22 അയ്മനം ഗ്രാമ പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.11.2018-ലെ കത്തും അയ്മനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.11.2018-ലെ കത്തും (SRG 1109/18 - CC 575/18)**

***പ്രോ.നം. 218/19*** ***അടങ്കൽ 23,90,000/-- രൂപ***

***(തനത് ഫണ്ട് 3,50,000/- രൂപ***

***ശുചിത്വ മിഷൻ വിഹിതം 20,40,000/- രൂപ)***

***പേര്:- കക്കൂസ് നിർമ്മാണം***

പ്രളയത്തെത്തുടർന്ന് ഏകദേശം 320 കക്കൂസ് പഞ്ചായത്തിൽ നശിച്ചുപോയി. ശുചിത്വമിഷൻ ഫണ്ട് കൂടി ചേർത്ത് 170 പേർക്ക കൂടി കക്കൂസ് നിർമ്മിക്കാനുള്ള പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി തുടരുന്നു. ODF ആയി പ്രഖ്യാപിച്ച പഞ്ചായത്തായതിനാൽ പ്രോജക്ട് നടപ്പാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാകുന്നില്ല. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ഇത് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ**

## 4.23 ധർമ്മടം ഗ്രാമ പഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.11.2018-ലെ കത്തും ധർമ്മടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.11.2018-ലെ A2/4119/18-ാം നമ്പർ കത്തും 25.04.2018-ലെ 4/202/18-ാം നമ്പർ ഭരണസമിതി തീരുമാനവും ബഹു. തലശ്ശേരി സബ് ജഡ്ജ് കോടതിയുടെ CMP 519/17-ാം നമ്പർ ഉത്തരവും**

***പ്രോ.നം. 153/18*** ***അടങ്കൽ 5,50,000/-- രൂപ***
***(തനത് ഫണ്ട് 1,50,000/- രൂപ***
***ജില്ലാ പഞ്ചായത്ത് വിഹിതം 4,00,000/- രൂപ)***

***പേര്:- കളത്തിൽ പറമ്പ് കിണർ നിർമ്മാണം***

കളത്തിൽപ്പറമ്പ് കിണർ നിർമ്മാണം എന്ന പ്രോജക്ട് 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. കുടിവെള്ള ക്ഷാമം നേരിട്ടതിനാൽ സാങ്കേതിക അനുമതി ലഭിക്കാതെ തന്നെ ഗുണഭോക്തൃ സമിതി ഏറ്റെടുത്ത് പ്രവൃത്തി ആരംഭിച്ചു. നിർമ്മാണം സംബന്ധിച്ച് നിർവഹണ ഘട്ടത്തിൽ കോടതി കേസുണ്ടായി. വിജിലൻസ് പരിശോധനയുടെ അടിസ്ഥാനത്തിൽ പരാതി അടിസ്ഥാന രഹിതമാണെന്ന് കണ്ടെത്തി. ബഹു. തലശ്ശേരി സ്പെഷ്യൽ ജഡ്ജ് കോടതിയുടെ CMP 519/17-ാം നമ്പർ ഉത്തരവ് പ്രകാരം കേസ് തള്ളി. ഈ പ്രവൃത്തി പൂർത്തിയാക്കാനും ഇതുവരെ ചെയ്ത പ്രവൃത്തിയുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ സമിതിക്ക് തുക നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** സാങ്കേതികാനുമതി അടക്കമുള്ള മറ്റ് നടപടിക്രമങ്ങൾ പാലിച്ച് പ്രവർത്തി പൂർത്തിയാക്കാൻ അനുമതി നൽകുന്നു. ഭാഗികമായി നിർമ്മാണം നടത്തിയ ഗുണഭോക്തൃ സമിതി തന്നെ ശേഷിക്കുന്ന നിർമ്മാണവും പൂർത്തിയാക്ക ണമെന്ന നിബന്ധനയോടെ ഇതുവരെ നടത്തിയ പ്രവൃത്തിയുടെ ബിൽ തുക (വാല്യുവേഷന്റെ അടിസ്ഥാന ത്തിൽ) നൽകാനും അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.24 പെരളശ്ശേരി ഗ്രാമ പഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.11.2018 ലെ കത്തും പെരളശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.11.2018-ലെ A2-6558/17-ാം മ്പർ കത്തും**

*പ്രോ.നം. 29/19* *അടങ്കൽ 1,50,000/-- രൂപ (SCP)*

***പേര്:- എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്***

Centralized Procurement and Rate Contract System മുഖേന ലാപ് ടോപ് വാങ്ങുന്നതിന് നിരക്ക് 33,302/- രൂപയാണ്. ഈ നിരക്കിൽ ലാപ് ടോപ് വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** പൊതു തീരുമാനം ഖണ്ഡിക 3.13 അനുസരിച്ച് തീരുമാനം പിന്നീട് അറിയിക്കുന്നതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം**

**4.25 പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.11.2018-ലെ കത്തും പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 14.11.2018-ലെ C - 1586/18-ാം നമ്പർ കത്തും (SRG 1074/18 - CC - 516/18)**

*പ്രോ.നം. 29/19* *അടങ്കൽ - 5,00,000 (SCP)*

***പേര്:- തോലാനിക്കാവ് SC കോളനി സാംസ്കാരിക നിലയം***

തോലാനിക്കാവ് പട്ടികജാതി കോളനിയിൽ നിർമ്മിക്കുന്ന സാംസ്കാരിക നിലയത്തിന് പിരായിരി ഗ്രാമപഞ്ചായത്തിന് വിഹിതം നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച് .

**തീരുമാനം:-** 05.09.2018-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തീരുമാനത്തിൽ താഴെപ്പറയുന്ന തിരുത്തൽ വരുത്തുന്നു. പിരിയാരി ഗ്രാമപഞ്ചായത്തിന് തുക കൈമാറാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.26 കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്**

**കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.12.2018-ലെ കത്ത് (SRG -1174/18 - CC 678/18)**

*പ്രോ.നം. 228/19* *അടങ്കൽ - 4,95,900 (SCP)*

***പേര്:- മലവേട്ടുവ വൃദ്ധർക്ക് കട്ടിൽ***

മലവേട്ടുവർക്ക് കട്ടിൽ എന്ന പ്രോജക്ട് 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. (പ്രോ.നം. 92/18) ഇത് ക്യൂ ബിൽ ആയി. ജില്ലയിൽ മലവേട്ടുവ വിഭാഗത്തിനുള്ള ഫണ്ട് എസ്.സി.പി യിൽ നിന്ന് റ്റി.എസ്.പി.യിലോട്ട് ക്രമീകരിച്ചാണ് ഈ വർഷം ഫണ്ട് അനുവദിച്ചത്. അതിനാൽ എസ്.സി.പി. വിഹിതം കുറഞ്ഞു. ഈ വർഷം 4,20,000/- രൂപയാണ് എസ്.സി.പി. ബജറ്റ് വിഹിതം ഉപയോഗിച്ച് മറ്റ് പ്രോജക്ടുകൾക്ക് (ക്യൂ ബില്ലിലെ) തുക നൽകി. അതിനാൽ ഈ തുക വികസനഫണ്ടിൽ (ജനറൽ) നിന്നോ റ്റി.എസ്.പി.യിൽ നിന്നോ നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നു തുക നൽകാൻ അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

## 4.27 പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്

**കോട്ടയംജില്ലാപ്ലാനിംഗ് ഓഫീസറുടെ 24.11.18 ലെ കത്തും പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.09.18ലെ 4(4)-ാം നമ്പർ തീരുമാനവും.**

*പ്രോ.നം 148/19 അടങ്കൽ 14,93,800/- രൂപ*
*( തനതുഫണ്ട് 10,62,205/- രൂപ*
*ബ്ലോക്ക് വിഹിതം 4,31,595/- രൂപ)*

2016-17 ൽ കക്കൂസ് നിർമ്മാണത്തിന് പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. ആകെ ഗുണഭോക്താക്കൾ 532. ഇതിൽ 211 പേർ നിർമ്മാണം പൂർത്തിയാക്കി രേഖകൾ സമർപ്പിച്ച ധനസഹായം കൈപ്പറ്റി.321 പേർ 31.03.17 നകം പൂർത്തിയാക്കി. എന്നാൽ രേഖകൾ സമർപ്പിക്കാൻ കഴിയാത്തതിനാൽ തുക നൽകിയില്ല, ഈ പ്രോജക്ട് 2017-18, 2018-19 വർഷം സ്പിൽ ഓവറായി തുടരുന്നു. ODF ആയി പ്രഖ്യാപിച്ചതിനാൽ ധനസഹായം നൽകാൻ സർക്കാർ അനുമതി സംബന്ധിച്ച്

**തീരുമാനം:-** ഇത് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2)എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ**

## 4.28 വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 25.09.18 ലെ കത്ത് (CC65/18)**

2015-16 വർഷം ഉൾപ്പെടുത്തിയിരുന്ന അരയാക്കൽ താഴെ ചിറക്കുനി മുക്ക് ഫുട്പാത്ത് എന്ന പ്രോജക്ട് (നം.224/16) കരാറുകാരൻ 06.01.2017 ൽ പൂർത്തിയാക്കി. ബിൽതുക 85,218/- രൂപ. 2016-17 ൽ ഈ പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയതിനാൽ തുടർന്നുള്ള വർഷവും ഉൾപ്പെടുത്തിയിരുന്നില്ല. ഈ വർഷം സ്പിൽഓവറായി ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** 2017- ആദ്യം പൂർത്തീകരിച്ച പ്രോജക്ടായതിനാൽ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ പുതിയ പ്രോജക്ട തയ്യാറാക്കി തുക നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.29 ഗ്രാമവികസനകമ്മീഷണറുടെ 14.12.2018 ലെ 12/2018/CRD നമ്പർ കുറിപ്പ് (SRG 1212/18)

ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ RIDF, PMGSY പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ പലതും അവയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്കോ അധികാര സ്ഥാനത്തുനിന്ന് അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കോ മാത്രം പ്രാഥമികമായി ചെയ്യേണ്ട സൈറ്റ് സർവ്വേ, സോയിൽ ടെസ്റ്റ്, എസ്റ്റിമേറ്റ് തയ്യാറാക്കൽ, DPR തയ്യാറാക്കൽ തുടങ്ങിയവ നടത്തുന്നതായാണ് കാണുന്നത്.

ഇതുമൂലം പ്രവർത്തിയുടെ എസ്റ്റിമേറ്റ്, DPR എന്നിവ കൃത്യമായി സമർപ്പിച്ച് അംഗീകാരം നേടി സമയബന്ധിതമായി ആരംഭിക്കാൻ കഴിയുന്നില്ല.

ഈ സാഹചര്യത്തിൽ RIDF, PMGSY പോലുള്ള പ്രോജക്ടുകൾക്ക് പ്രൊപ്പോസലുകൾ സമയബന്ധിതമായി നൽകുന്നതിന് ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ മുൻകൂട്ടി പ്രവർത്തികൾ കണ്ടെത്തി പ്രാഥമിക അന്വേഷണ ജോലികളായ സൈറ്റ് സർവ്വേ, സോയിൽ ടെസ്റ്റ്, DPR തുടങ്ങിയവ തയ്യാറാക്കി വയ്ക്കുന്നതിനുവേണ്ടി വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾക്കൊള്ളിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ഇതിന് വകയിരുത്തുന്ന തുക പശ്ചാത്തല മേഖലയിൽ ഉൾപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.30 ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്

### ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.12.18 ലെ കത്ത് (SRG -1213/18)

പഞ്ചായത്തിന് മൂന്നാംഗഡു പൊതുവിഭാഗം വികസനഫണ്ടായി അനുവദിച്ചത് 95,82,000/- രൂപയാണ്. ഇതിൽ 87,05,648/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് അടയ്ക്കേണ്ട കുടിശ്ശികയായി പിടിച്ചു. ബാക്കി ലഭിച്ചത് 8,76,000/-രൂപ മാത്രമാണ്. ഇത് വികസന പ്രവർത്തനത്തെ ബാധിക്കും എന്നതിനാൽ തുക കുറവ് ചെയ്യുന്നത് തത്ക്കാലം മരവിപ്പിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** ഇത് ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.31 ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

### പഞ്ചായത്ത് ഡയറക്ടറുടെ 5.11.18 ലെ J1-20081/2018-ാം നമ്പർ കത്തും എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടറുടെ 20.07.18 ലെ F-6868/18-ാം നമ്പർ കത്തും (LSGD – DA/795/2018-LSGD)

***താഴെപറയുന്ന രണ്ടുപ്രോജക്ടുകൾ പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.***

1. ***പ്രോ.നം 45/19 മത്സ്യകർഷകരുടെ മക്കൾക്ക് ലാപ് ടോപ്***
2. ***പ്രോ.നം. 65/19 മത്സ്യവില്പനയ്ക്ക് മോട്ടോർ സൈക്കിളും ഐസ്ബോക്സും***

ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് സമുദ്ര/ഉൾനാടൻ മേഖലയിൽ ഉൾപ്പെടുന്നില്ല. എന്നാൽ മംഗലപുഴ ഈ പഞ്ചായത്തിലൂടെയാണ് കടന്നു പോകുന്നത്. അതിനാൽ ഈ പ്രോജക്ട നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നിരസിച്ചു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.32 തൃശ്ശൂർ ജില്ലാ പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 09.10.2018 ലെ DTP/D3-4789/17-ാം നമ്പർ കത്ത് (LSGD-DA1/664/18/LSGD)**

കുട്ടികൾക്കിടയിലെ ബുദ്ധിപരമായ വെല്ലുവിളികൾ, ഓട്ടിസം., സെറിബ്രൽ പാൾസി തുടങ്ങിയ നേരിടുന്നതിന് ഭിന്നശേഷിക്കാരായ വ്യക്തികളുടെ ക്ഷേമവും വികസനവും ലക്ഷ്യമാക്കി തൃശ്ശൂർ ജില്ലാപഞ്ചായത്ത് ശുഭാപ്തി എന്ന പേരിൽ ഒരു ജില്ലാതല ഭിന്നശേഷി വിഭവകേന്ദ്രം (DDRC) സ്ഥാപിക്കുന്നുണ്ട്. ഇത്തരം കുട്ടികളെ പരിചരിക്കുന്നതിനുള്ള ഈ സെന്ററിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചാൽ ഉടൻതന്നെ പ്രവർത്തനം തുടങ്ങണം. ഇതിന് ആദ്യത്തെ രണ്ടുവർഷത്തേക്ക് ആവശ്യമായി വരുന്ന ചെലവ് തൃശ്ശൂർ ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് കണ്ടെത്താൻ ഉദ്ദേശിക്കുന്നു. ഇതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളുടേയും വിഹിതം പ്രതീക്ഷിക്കുന്നതിനാൽ ജില്ലാ ആസൂത്രണസമിതി തലത്തിൽ വിവിധ തദ്ദേശഭരണസ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുടെ യോഗം കൂടി ഇതിന്മേൽ തീരുമാനമെടുക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.33 താനൂർ നഗരസഭ

**മലപ്പുറം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 24.11.2018 ലെ കത്ത് (SRG 1113/18. CC 565/18))**

***പ്രോ.നം 60/19 അടങ്കൽ 1,20,000/- രൂപ (വികസന ഫണ്ട്)***

***പേര് താനൂർ നഗരസഭയിലെ എയ്ഡഡ് വിദ്യാലയങ്ങൾക്ക് LED TV വാങ്ങൽ***

താനൂർ നഗരസഭയിലെ എയ്ഡഡ് വിദ്യാലയങ്ങൾക്ക് LEDTV വാങ്ങൽ എന്ന പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** സർക്കാർ സ്കൂളുകളിൽ ഇപ്രകാരം LED TV നൽകിയിട്ടുണ്ടോ ഇതിന്റെ ആവശ്യം എന്നിവ സംബന്ധിച്ച റിപ്പോർട്ട് സഹിതം സമർപ്പിക്കണം. പിന്നീട് പരഗണിക്കും

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.34 പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.11.18 ലെ കത്തും പുളിങ്കുന്ന് പഞ്ചായത്ത് സെക്രട്ടറിയുടെ 29.10.18 ലെ A3.3925/18-ാം നമ്പർ കത്തും (SRG 1121/18. CC 505/18)**

***പ്രോ.നം 101/18 അടങ്കൽ 20,00,000/- രൂപ (CFC വിഹിതം 15,00,000/- ഗുണഭോക്തൃവിഹിതം 5,00,000/- രൂപ)***

***പേര്:- കുടിവെള്ള ടാങ്ക്***

ഓരോ കുടുംബത്തിനും കുടിവെള്ള ടാങ്ക് വിതരണം ചെയ്യാനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച് .

**തീരുമാനം:-** ധനകാര്യകമ്മീഷൻ ഗ്രാന്റുപയോഗിച്ച് ഈ പ്രോജക്ട് നടപ്പാക്കാവുന്നതല്ല. എന്നാൽ പൊതു സ്ഥലത്തോ ഓരോ ക്ലസ്റ്ററിന് പൊതുവായോ ഉപയോഗിക്കാനാണെങ്കിൽ CFC ഗ്രാന്റ് ഉപയോഗിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.35 കൊടുങ്ങല്ലൂർ നഗരസഭ

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.11.18 ലെ കത്ത്. (CC 367/18)**

***പ്രോ.നം 612/19 അടങ്കൽ 13,00,000/- രൂപ***

***പേര് – ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവർക്ക് താത്കാലിക ഷെഡ്***

കൊടുങ്ങല്ലൂർ നഗരസഭയിൽ ദുരിതാശ്വാസ ക്യാമ്പിൽ 21 പേർ കഴിയുന്നുണ്ട്. ഇവർക്ക് സ്വന്തമായി ഭൂമി ഉണ്ടെങ്കിലും വീടു പൂർണ്ണമായും തകർന്നുപോയി. പുതിയ വീടു നിർമ്മിക്കുന്നതിന് മേൽനോട്ടം വഹിക്കാനും തൊഴിൽ ചെയ്യാനും കഴിയും വിധം ഇവരുടെ സ്വന്തമായ സ്ഥലത്ത് താത്കാലിക ഷെഡ് പണിയാൻ ഉദ്ദേശിക്കുന്നു. ഒരു ഷെഡിന്റെ ചെലവ് 61904/- രൂപ. ഇതിനുള്ള പ്രോജക്ട് ജില്ലാ ആസൂത്രണ സമിതി നിരസിച്ചു. പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ഇത് പരിഗണിക്കേണ്ടതില്ല എന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്ന് നഗരകാര്യ ഡയറക്ടറുടെ പ്രതിനിധി അറിയിച്ചു. അതിനാൽ പരിഗണിച്ചില്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.36 പാങ്ങോട് ഗ്രാമപഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.11.2018 ലെ കത്തും പാങ്ങോട് ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 19.11.18 ലെ കത്തും.**

***പ്രോ.നം 52/19 അടങ്കൽ 5,70,000/- രൂപ (SCP)***

***പേര് – പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്***

മാർഗ്ഗരേഖപ്രകാരം ലാപ് ടോപിന് അനുവദനീയ പരമാവധി തുക 30,000/- രൂപയാണ്. എന്നാൽ ലാപ് ടോപ് വാങ്ങാൻ കെൽട്രോണിൽ നിന്ന് ഇൻവോയ്സ് വാങ്ങിയപ്പോൾ വില 30,000/- രൂപയിലധികമാണ്. അതിനാൽ നിരക്ക് വർദ്ധിപ്പിച്ച് നൽകണമെന്നു സംബന്ധിച്ച്

**തീരുമാനം:-** പൊതു തീരുമാനം ഖണ്ഡിക 3.13 അനുസരിച്ച് പിന്നീട് അറിയിക്കും

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

## 4.37 മൈലപ്ര ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാപ്ലാനിംഗ് ഓഫീസറുടെ 28.11.18 ലെ കത്ത് (SRG – 1132/18-CC 615/18)**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ.സതീഷ് കുമാറിന് വിദേശത്ത് തൊഴിൽ ലഭിച്ചു. നിശ്ചിത സമയത്തിനകം അപേക്ഷയും അനുബന്ധരേഖ സമർപ്പിക്കാത്തതിനാൽ ആനുകൂല്യം ലഭിക്കാതെയാണ് വിദേശത്തേക്ക് പോയത്. ഇദ്ദേഹത്തിന് ആനുകൂല്യം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** ധനസഹായത്തിനുള്ള കാലതാമസം ഒഴിവാക്കി തൊഴിൽ വിസയും വിമാനടിക്കറ്റും ഹാജരാക്കുന്ന മുറക്ക് മാർഗ്ഗരേഖ പ്രകാരം ധനസഹായം നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.38 ആലത്തൂർ ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.11.18 ലെ കത്ത് (SRG 1135/18 . CC 605/2018)**

***പ്രോ.നം 177/19***

***അടങ്കൽ 29,40,000/- രൂപ (SCP)***
***(വികസനഫണ്ട് 1,40,000/- രൂപ SCP***
***ജില്ലാപഞ്ചായത്ത് വിഹിതം 24,00,000/-***
***ബ്ലോക്ക് പഞ്ചായത്ത് വിഹിതം 4,00,000/-***

വീടുവച്ചു നൽകാനായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്ഥലം വാങ്ങി നൽകാനുള്ള പ്രോജക്ട് 2017-18 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇത് ഈ വർഷം സ്പിൽ ഓവറായി തുടരുന്നു. ലൈഫ് മിഷൻ മാർഗ്ഗരേഖപ്രകാരമല്ല എന്നതിനാൽ ഈ പ്രോജക്ട് നടപ്പാക്കാൻ പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ആദ്യഘട്ടത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ഗുണഭോക്താക്കളുടെ എണ്ണം, ആവശ്യമായ തുക (SCP) എന്നിവ സഹിതം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**

## 4.39 വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്

**ഇടുക്കി ജില്ലാപ്ലാനിംഗ് ഓഫീസറുടെ 28.11.2018 ലെ കത്ത് (SRG 1138/18, 1139/18, 1140/18-CC 590/18, CC589/18, 588/18)**

***പ്രോ.നം 13/19, 12/19, 11/19*** ***ആകെ അടങ്കൽ 4,37,800/- രൂപ (TSP)***
***പേര് - ആശ്രയ പദ്ധതി***

ആശ്രയപദ്ധതി പ്രകാരം പുതിയവീട് നിർമ്മാണത്തിന് 2,50,000/- രൂപയും വീട് അറ്റകുറ്റപ്പണിക്ക് 25000/- രൂപ വീതം നൽകാനുമാണ് തുക വകയിരുത്തി യിരിക്കുന്നത്. ഇത് യഥാക്രമം 4,00,000/- രൂപയും 1,00,000/-യും ആക്കി വർദ്ധിപ്പിക്കാൻ അനുമതി സംബന്ധിച്ച് (ജനറൽ, എസ്.സി.പി, റ്റി.എസ്.പിയിലായി 3 പ്രോജക്ടുകൾ)

**തീരുമാനം:-** 1) പുതിയവീടിന് 4,00,000/-രൂപ നൽകാൻ അനുമതി നൽകുന്നു.

2) അറ്റകുറ്റപ്പണി വാല്യുവേഷന്റെ അടിസ്ഥാനത്തിൽ പരിമിതപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.40 <u>ഉമ്പമൺ ഗ്രാമപഞ്ചായത്ത്</u>

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.11.18 ലെ കത്ത് (SRG 1148/18 . CC 654/18)**

***പ്രോ.നം 138/19*** ***അടങ്കൽ 9,75,000/-രൂപ***

***പേര് – വാഹനം വാങ്ങൽ***

2013-14 മുതൽ 2015-16 വരെയുള്ള വർഷങ്ങളിലായി പഞ്ചായത്തിനു ലഭിച്ച അവാർഡുതുകയിൽ നിന്ന് (മികച്ച പഞ്ചായത്തിനുള്ളത്) പഞ്ചായത്തിന്റെ 14 വർഷം പഴക്കമുള്ള വാഹനത്തിനു പകരം പുതിയ വാഹനം വാങ്ങാൻ പ്രോജക്ട തയ്യാറാക്കി. ഇതിന് വെറ്റിംഗ് ഓഫീസറും അപ്പലേറ്റ് കമ്മിറ്റിയും അനുമതി നൽകിയില്ല. വാഹനം വാങ്ങാൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ നിലവിലെ പഴയ വാഹനം ട്രയിലർ ഘടിപ്പിച്ച് മാലിന്യനിർമ്മാർജ്ജനത്തിന് ഉപയോഗിക്കാനും അനുമതി സംബന്ധിച്ച്.

**തീരുമാനം:-** വാഹനം വാങ്ങുന്ന നടപടിക്രമങ്ങൾ വകുപ്പുതലത്തിൽ തീരുമാനമെടുക്കണം. വെറ്റിംഗ് ഓഫീസർ എന്ന നിലയിൽ അനുമതി നൽകാൻ വെറ്റിംഗ് ഓഫീസറെ ചുമതലപ്പെടുത്തുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.41 <u>കോക്ലിയാർ ഇംപ്ലാന്റീസ് അസോസിയേഷൻ ആന്റ് ചാരിറ്റബിൾ സൊസൈറ്റി പ്രസിഡന്റിന്റെ കത്ത്. (ലഭിച്ചത് 07.11.2018) (LSGD-DA1/718/2018-LSGD)</u>

കോക്ലിയർ ഇംപ്ലാന്റിനു ശേഷമുള്ള കേൾവി സഹായികളും മറ്റും നൽകാവുന്നതാണെന്ന് മാർഗ്ഗരേഖയിൽ ഉണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും മത്സ്യതൊഴിലാളികൾക്കും (മക്കൾക്ക്) മാത്രമായി കോക്ലിയർ ഇംപ്ലാന്റിന്റേയും അനുബന്ധ ഉപകരണങ്ങളുടേയും റിപ്പയറിംഗിന് ധനസഹായം നൽകിയാൽ മതിയെന്ന് കോർഡിനേഷൻ കമ്മിറ്റിയുടെ 27.09.2018 ലെ യോഗതീരുമാനപ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. (15.10.2018 ലെ ഡി.എ1/718/18/തസ്വഭവ ഉത്തരവ്) ഇതിനുള്ള ധനസഹായം എല്ലാവർക്കും നൽകുന്നതിന് സർക്കാർ തീരുമാനമുണ്ടാകണമെന്നതു സംബന്ധിച്ച് .

**തീരുമാനം:-** KSSM ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ , കേരള സാമൂഹ്യസുരക്ഷാ മിഷൻ**

## 4.42 കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്

**കാസറാഗോഡ് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 30.11.2018 ലെ കത്ത് (SRG 1164/18 CC-677/18)**

*പ്രോ.നം 17/19* *അടങ്കൽ 9,51,640/-രൂപ*
*(ബ്ലോക്ക് വിഹിതം 8,51,640/- രൂപ*
*തനത് ഫണ്ട് 1,00,000/- രൂപ)*

കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിൽ അണ്ണപ്പാടിയിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 8.00 ലക്ഷം രൂപ സാമൂഹ്യനീതി വകുപ്പ് പി.ഡബ്ല്യു.ഡി.ക്ക് കൈമാറിയിട്ടുണ്ട്. അധികമായി 8,51,640/- രൂപ കൂടി വേണം. ഇതിനായി പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. നിർവ്വഹണ ഏജൻസി പി.ഡബ്ല്യു.ഡി ആയതിനാൽ ഈ തുക പി.ഡബ്ല്യു.ഡിക്ക് കൈമാറാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

## 4.43 കോട്ടയം ജില്ലാപഞ്ചായത്ത്

**കോട്ടയം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 30.11.18 ലെ കത്തും ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 7.11.18 ലെ 2(5)ാം നമ്പർ ഭരണസമിതി തീരുമാനവും**

*പ്രോ.നം 606/19* *അടങ്കൽ 4,90,000/-രൂപ*

***പേര് – അയർകുന്നം ഡിവിഷനിലെ വിവിധ സ്കൂളുകളിൽ സ്പോർട്സ് കിറ്റ്, അവയന്നൂർ ഹൈസ്കൂളിന് ലോംങ്ങ്ജംപ് പിറ്റം***

അയർകുന്നം ഡിവിഷനിൽ വിവിധസ്കൂളുകളിലേയ്ക്ക് സ്പോർട്സ് കിറ്റും (2 സർക്കാർ സ്കൂളും 4 എയ്ഡഡ് സ്കൂളും) അമയന്നൂർ ഹൈസ്കൂളിന് (എയ്ഡഡ്) ലോംങ്ങ്ജംപ് പിറ്റും നിർമ്മിക്കുന്നതിനുള്ള പ്രോജക്ട്. ലോങ്ങ്ജംപ് പിറ്റ് (1.50 ലക്ഷം രൂപ) എയ്ഡഡ് സ്കൂളിലായതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥ പ്രോജക്ട നടപ്പാക്കുന്നില്ല. കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** ഈ പ്രദേശത്തെ സ്പോർട്സ് മികവ്, പ്രത്യേകത, മറ്റ് സ്ഥാപനങ്ങൾ ഇവ സംബന്ധിച്ച് ജില്ലാ സ്പോർട്സ് കൗൺസിലിന്റെ റിപ്പോർട്ട് സഹിതം സമർപ്പിക്കണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനിക്കും

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.44 ആരോഗ്യ കുടുംബക്ഷേമ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 29.10.2018-ലെ NHM/5439/CSD /2018/SPMSU നമ്പർ കത്ത്**

പ്രൈമറി ഹെൽത്ത് സെന്ററിന്റേയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റേയും നേതൃത്വത്തിൽ പല ആരോഗ്യ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. അതിൽ പ്രധാനം രോഗ പ്രതിരോധം, രോഗ ചികിത്സ, ആരോഗ്യ പരിപോഷണം പുനരധിവാസം, സാന്ത്വന പരിപാലനം തുടങ്ങിയവയാണ്. ഇത്തരം പ്രവർത്തനം വാർഡ് തലത്തിലും പഞ്ചായത്ത്/ മുനിസിപ്പൽ തലത്തിലും അവലോകനം നടത്തണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ഇത് തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തണം. ഇതനുസരിച്ച് സർക്കാർ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** 1) നിർവഹണ ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിൽ നടത്തുന്ന അവലോകന യോഗത്തിൽ ഇതും ഉൾപ്പെടുത്താൻ നിർദ്ദേശിക്കുന്നു

2) ഇതോടൊപ്പം JPHN അടക്കമുള്ളവരുടെ പ്രവർത്തനം പ്രത്യേകമായി അവലോകനം ചെയ്യണം. കൂടാതെ വാർഡ് തലത്തിലെ സാനിട്ടേഷൻ കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

3) മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം മറ്റു മുൻ കരുതൽ സമയാസമയത്തു തന്നെ കാര്യക്ഷമമായി നടത്തണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.45 തിരുവനന്തപുരം മേയറുടെ 22.11.2018-ലെ J1/15172/18-ാം നമ്പർ കത്തും പനവിള ഗവ. യു.പി.എസ് പി.റ്റി.എ സെക്രട്ടറിയുടെ 28.12.2018-ലെ കത്തും കോട്ടൺഹിൽ പ്രീ പ്രൈമറി ടീച്ചേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് പി.റ്റി.എ പ്രസിഡന്റിന്റെ കത്തും.**

മാർഗരേഖ പ്രകാരം സർക്കാർ സ്കൂളിലെ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനുള്ള പ്രോജക്ടുകൾ സ്കൂളുകളുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. തിരുവനന്തപുരം കോർപ്പറേഷൻ പ്രദേശത്തെ എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലേയും പ്രീ പ്രൈമറി സ്കൂളുകളിലേയും കുട്ടികൾക്കും പ്രഭാത ഭക്ഷണം നൽകുന്നതിന് അനുമതി സംബന്ധിച്ച് . പ്രീ പ്രൈമറി കുട്ടികൾക്കും പ്രഭാതഭക്ഷണം നൽകുന്ന പരിപാടി കോർപറേഷനിൽ തുടർന്ന് കൊണ്ടിരിക്കുകയാണ്. പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ 19.11.2018-ലെ കത്തു പ്രകാരം 1 മുതൽ 7 വരെയുള്ള സർക്കാർ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കേ പ്രഭാത ഭക്ഷണം നൽകാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രീ പ്രൈമറി സ്കൂളുകളിലെയും എയ്ഡഡ് സ്കൂളുകളിലെയുമടക്കം കുട്ടികൾക്കും പ്രഭാത ഭക്ഷണം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** കോർപ്പറേഷൻ തലത്തിൽ പ്രീ പ്രൈമറി സ്കൂളുകളിൽ മുൻകാലങ്ങളിലും പ്രഭാതഭക്ഷണം നൽകുന്നുണ്ട് എന്ന് യോഗം നിരീക്ഷിച്ചു. അതിനാൽ ഈ പരിപാടി തുടരാൻ അനുമതി നൽകുന്നു. ഈ തീരുമാനം കോട്ടൺഹിൽ സ്കൂൾ, പനവിള സ്കൂൾ എന്നിവയ്ക്കും ബാധകമാണ്

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.46 പടിഞ്ഞാറെത്തറ ഗ്രാമപഞ്ചായത്ത്**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.12.2018-ലെ കത്തും പടിഞ്ഞാറെത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.10.2018-ലെ A4-889/19-ാം നമ്പർ കത്തും**

***പ്രോ.നം. 163/18*** ***അടങ്കൽ 2,50,000/- രൂപ (TSP)***

***പ്രോ.നം. 165/18*** ***അടങ്കൽ 3,50,000/- രൂപ (SCP)***

***പേര്:- വൃദ്ധർക്ക് കിടക്ക (2 പ്രോജക്ടുകൾ)***

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ വൃദ്ധർക്ക് കിടക്ക വാങ്ങുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ ചെയ്തപ്പോൾ ടെണ്ടർ ലഭിച്ച കുറഞ്ഞ തുക 2760/- രൂപയാണ്. ഇതിന്റെ ഗുണമേന്മ കുറവായതിനാൽ പൊതു മാർക്കറ്റിൽ നേരിട്ട് അന്വേഷിച്ചപ്പോൾ ഗുണനിലവാരമുള്ള കിടക്കയ്ക്ക് 4900/- രൂപ ആകുമെന്ന് കണ്ടെത്തി. ഈ നിരക്കിൽ വാങ്ങാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനിച്ചു. ഈ പ്രോജക്ട് മാർഗ്ഗരേഖ പ്രകാരമല്ലാത്തതിനാൽ സെക്രട്ടറി (i/c) വിയോജനക്കുറിപ്പെഴുതി. ഭരണസമിതി 4900/- രൂപയ്ക്ക് കിടക്ക വാങ്ങാൻ തീരുമാനിച്ചു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.47 കുന്നംകുളം നഗരസഭ**

**കുന്നംകുളം നഗരസഭ ചെയർപേഴ്സന്റെ 24.12.18 ലെ കത്ത് (SRG-1247/18)**

നഗരസഭയിലെ തരിശുപ്രദേശത്തെ പാടശേഖരങ്ങളിൽ നെൽകൃഷി തുടങ്ങിയിട്ടുണ്ട്. മാർഗ്ഗരേഖപ്രകാരം പാടശേഖരങ്ങളിൽ ജലസേചനത്തിന് മോട്ടോർ പമ്പ്സെറ്റ് വിതരണം ചെയ്യാവുന്നത് ബ്ലോക്ക് പഞ്ചായത്തിനാണ്. നഗരസഭാപ്രദേശ മായതിനാൽ നഗരസഭകൾക്കു കൂടി ഇത്തരം പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.48 കൊച്ചികോർപ്പറേഷൻ**

**തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.10.2018 ലെ DB3-753/12/CE/തസ്വഭവ നമ്പർ കത്തും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 31.08.18 ലെ 22096/18-ാം നമ്പർ കത്തും.**

കൊച്ചികോർപ്പറേഷനിൽ വിവിധ ചുമതലകളുടെ നിർവ്വഹണം, ഏകോപനം, മേൽനോട്ടം എന്നിവ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടു കമ്പ്യൂട്ടർ അധിഷ്ഠിതമായ പ്രവൃത്തികൾ കൈകാര്യം ചെയ്യുന്നതിന് കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ് ബിരുദധാരികളായ രണ്ടുപേരെ താൽക്കാലികമായി നിയമിക്കാൻ അനുമതി സംബന്ധിച്ച് . കഴിഞ്ഞ വർഷം ഇങ്ങനെ 2 പേരെ നിയമിച്ചിരുന്നു. ഇവരുടെ കാലാവധി കഴിഞ്ഞു. പ്രതിമാസം 25000/- രൂപ നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായുള്ള തുക തനതുഫണ്ടിൽ നിന്നു കണ്ടെത്തുന്നു.

**തീരുമാനം:-** മറ്റു മാനദണ്ഡങ്ങൾ പാലിച്ച് ഒരു വർഷത്തേയ്ക്ക് കൂടി നിയമിക്കുന്നതിന് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.49 കിളിമാനൂർ ഗ്രാമപഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 28.12.2018 ലെ Plg.220/18/DPC/DPO/TVPM/CC നമ്പർ കത്തും കിളിമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.12.18 ലെ A4-01/18-ാം നമ്പർ കത്തും.**

***പ്രോ നം.12/19 അടങ്കൽ 4,90,000-/ രൂപ (CFC)***

***പേര് – തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി***

തെരുവുവിളക്ക് അറ്റകുറ്റപ്പണിക്ക് 3.00ലക്ഷം രൂപ വകയിരുത്തിയുള്ള പ്രോജക്ട് ടെണ്ടർ നടപടികൾ പൂർത്തിയാക്കി പണി ആരംഭിച്ചു. മുഴുവൻ തെരുവുവിളക്കുകളും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് തുക അപര്യാപ്തമായതിനാൽ 1,90,000/- രൂപ കൂടി ഉൾപ്പെടുത്തി പ്രോജക്ട് അടങ്കൽ 4,90,000/- രൂപയായി വർദ്ധിപ്പിച്ചു. എന്നാൽ പുതിയ തുക പ്രകാരം ടെണ്ടർ ചെയ്യാതെയാണ് പ്രവൃത്തി പൂർത്തീകരിച്ചത്. ഇതിന് സാധൂകരണം നൽകി ബിൽതുക നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** ടെണ്ടർ നടത്തിയതിലെ നടപടിക്രമങ്ങളിലെ പിഴവായതിനാൽ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**
**2)പഞ്ചായത്ത് ഡയറക്ടർ**

## 4.50 അഴിയൂർ ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.11.2018-ലെ കത്തും അഴിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.11.2018-ലെ A3-2100/2018-ാം നമ്പർ കത്തും 16.10.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനവും (ഖണ്ഡിക 4.3)**

***പ്രോ.നം. 87/18 അടങ്കൽ 2,00,000/- രൂപ (തനത്ഫണ്ട്)***

***പേര്:- പൊതു സ്ഥലങ്ങളിൽ CC TV ക്യാമറ സ്ഥാപിക്കൽ***

CC TV ക്യാമറ സ്ഥാപിക്കാനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്. താഴെപ്പറയുന്ന സ്ഥലങ്ങളിലേയ്ക്ക് ക്യാമറ സ്ഥാപിക്കുന്നതിന്

(i) മാഹി റെയിൽവേ സ്റ്റേഷൻ

(ii) മാഹി അതിർത്തി മുതൽ കുഞ്ഞിപ്പള്ളിവരെയുള്ള നാഷണൽ ഹൈവേ

(iii) മുക്കാളി ടൗൺ, പഴയ NH, പുതിയ NH സംഗമിക്കുന്ന സ്ഥലം

(iv) ചോമ്പാൽ ഹാർബർ

**തീരുമാനം:-** ഇതിന്റെ മോണിട്ടറിംഗ് ഉറപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു,

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.51 പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്**

**പഞ്ചായത്ത് ഡയറക്ടറുടെ 15.12.2018-ലെ J1- 23428/18-ാം നമ്പർ കത്തും പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.07.2018-ലെ കത്തും 16.07.2018-ലെ 15(6)-ാം നമ്പർ ഭരണസമിതി തീരുമാനവും**

***പ്രോ.നം. 129/19*** ***അടങ്കൽ 1,25,000/- രൂപ***

***പേര്:- ബാല സൗഹൃദ പഞ്ചായത്ത് രൂപീകരണം***

കുട്ടികളുടെ ശാരീരികവും മാനസികവുമായ ഉന്നമനത്തിന് യോഗ, കരാട്ടെ എന്നിവയിൽ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു. നൂതന പ്രോജക്റ്റ് എന്ന നിലയിൽ തയ്യാറാക്കിയ ഈ പ്രോജക്റ്റിന് ജില്ലാതല കമ്മിറ്റി അനുമതി നിരസിച്ചു. കരാട്ടെ പരിശീലനത്തിന് ഒരു കുട്ടിക്ക് പ്രതിമാസം 300/- രൂപ വീതമാണ് നൽകുന്നത്. പ്രത്യേക അനുമതി സംബന്ധിച്ച് .

**തീരുമാനം:-** ഇതിന്മേൽ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ റിപ്പോർട്ട് സഹിതം സമർപ്പിക്കണം. പിന്നീട് പരിഗണിക്കും.

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**4.52 ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്**

**ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 16.11.2018-ലെ കത്ത്**

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഗ്രാമ ന്യായാലയം പണിയാൻ സ്ഥലം കൈമാറിയിട്ടുണ്ട്. MPLAD ൽ 45.00 ലക്ഷം രൂപ അനുവദിച്ചു. ആവശ്യമായ ബാക്കി തുക ബ്ലോക്ക് പഞ്ചായത്തും (15.00 ലക്ഷം രൂപ - അവാർഡ് തുക ) ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 ഗ്രാമപഞ്ചായത്തും (2.50 ലക്ഷം രൂപ വീതം വികസനഫണ്ട്) ചേർന്ന് ചെലവഴിക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** ഇതിന് കേന്ദ്ര വിഹിതം ലഭിക്കുന്നതിന്റെ സാധ്യത കൂടി ആരായണം. ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഗ്രാമപഞ്ചായത്തുകളുടെ യോഗം വിളിച്ച് വിശദമായ റിപ്പോർട്ട് സഹിതം സമർപ്പിക്കണം. പിന്നീട് പരിഗണിക്കും.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.53 പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

**പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 30.10.2018 -ലെ കത്ത് (LSGD - DA1/831/2018/LSGD)**

പട്ടികജാതി, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്ന പദ്ധതിയിൽ ധനസഹായത്തിന്റെ ഗഡുക്കൾ സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റേയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും മാർഗ്ഗ നിർദ്ദേശം സംബന്ധിച്ച് വ്യക്തത വരുത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം:-** പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്നതിന് 14.02.2018-ലെ 22/2018/തസ്വഭവ ഉത്തരവ് പ്രകാരം ആദ്യഗഡുവായി 50,00/- രൂപയും തുടർന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ അനുവദനീയമായ പരിധിക്ക് വിധേയമായി ബാക്കി തുകയും നൽകാവുന്നതാണെന്ന് സ്പഷ്ടീകരണം നൽകുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉത്തരവുമായി വാല്യുവേഷൻ രീതി ഏകീകരിക്കുന്നത് പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പട്ടികജാതി വികസന ഡയറക്ടർ**
**3) പട്ടികവർഗ്ഗ വികസന ഡയറക്ടർ**

(യോഗം ഉച്ചയ്ക്ക് 1.30 ന് അവസാനിച്ചു)

**അനുബന്ധം**

1 ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി
2 ഡോ.കെ.എൻ.ഹരിലാൽ, മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3 പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ് (പ്രതിനിധി)
4 മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
5 സെക്രട്ടറി, എസ്.സി/എസ്.റ്റി വകുപ്പ്(പ്രതിനിധി)
6 ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
7 ഡയറക്ടർ, നഗരകാര്യ വകുപ്പ് (പ്രതിനിധി)
8 ഗ്രാമവികസന കമ്മീഷണർ
9 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
10 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11 എൻ.എച്ച്.എം ഡയറക്ടർ,
12 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ (പ്രതിനിധി)
13 ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്(പ്രതിനിധി)
14 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം(പ്രതിനിധി)
15 ഡയറക്ടർ, എസ്.സി. ഡെവലപ്മെന്റ് (പ്രതിനിധി)
16 ഡയറക്ടർ, എസ്.റ്റി. ഡെവലപ്മെന്റ് (പ്രതിനിധി)
17 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
18 മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എ
19 എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ